ASSEMBLY TODAY

Book no. 1 അസംബ്ലി ടുഡേ




# ദൈവത്തിന്റെ സഭയിൽ സ്ത്രീജനത്തിന്റെ ശ്രേഷ്ഠത

ഭാഗം - 1

പ്രൊഫ: **പി.പി. സ്ക്കറിയ, വി.എം. ജോൺ ചേത്തയ്ക്കൽ**
എന്നിവരുടെ വിപരീതോപദേശത്തിന് തിരുവെഴുത്തിൽ നിന്നുള്ള മറുപടി

**ബെൻസൺ ബാബു**, മീമ്പാറ



# ASSEMBLY TODAY

പ്രിയരെ,

ക്രൈസ്തവ മാധ്യമ
രംഗത്ത് തികച്ചും
വ്യത്യസ്തമായ ഒരു
കാൽവയ്പ്പാണ്
**അസംബ്ലി ടുഡേ.**
ഒരേ ഒരു ലക്ഷ്യംമാത്രം,
'സത്യവചന സദ്വിഭജനം'.
അപ്പോസ്തലന്റെ വാക്കുകൾ
ഇവിടെ പകർത്തട്ടെ,
"ഞങ്ങൾ ദൈവവചനത്തിൽ
കൂട്ടുചേർക്കുന്ന അനേകരെ
പ്പോലെയല്ല, നിർമലതയോടും
ദൈവത്തിന്റെ കൽപനയാലും
ദൈവസന്നിധിയിൽ ക്രിസ്തുവിൽ
സംസാരിക്കുന്നു" (2കൊരിന്ത്യർ 2:17).
അഭിപ്രായങ്ങളും ആക്ഷേപങ്ങളും
ദയവായി അറിയിക്കുമല്ലോ.

ക്രിസ്തുവിൽ സഹോദരൻ

ബെൻസൺ ബാബു

Published by,
**BENSON BABU**,(Evg.)
Mizar cottage, Chundakuzhy P.O.,
Perumbavoor-683546, Ernakulam (Dt), Kerala
Ph: **+91 9496 57 9624**, **+91 9349 93 9624**
e-mail:bensonkb@gmail.com

Copies: 3000 ● ( 2014 feb ) ● ₹ 10

# I

**" ഞാൻ** വേഗത്തിൽ നിന്റെ അടുക്കൽ വരും എന്ന് ആശിക്കുന്നു. താമസിച്ച് പോയാലൊ സത്യത്തിന്റെ തൂണും അടിസ്ഥാന വുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നട ക്കേണ്ടത് എങ്ങനെയെന്ന് നീ അറിയേണ്ട തിന് ഇത് എഴുതുന്നു."
1 തിമോ.3:14,15.

ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ അപ്പോസ്തലനായി വിളി ക്കപ്പെട്ട പൗലോസ് വിശ്വാസത്തിൽ നിജപുത്രനായ തിമോഥയോസിന് എ ഴുതിയ ഒന്നാം ലേഖനത്തിൽ നിന്നുദ്ധരിച്ചിരിക്കുന്ന ഈ വേദഭാഗത്തിന്റെ അടിസ്ഥാനത്തിലാണ് 'ദൈവത്തിന്റെ സഭയിൽ സ്ത്രീജനത്തിന്റെ ശ്രേഷ് ഠത' എന്ന വിഷയം നാം പഠിക്കുന്നത്.ജീവനുള്ള ദൈവത്തിന്റെ സഭയാ കുന്ന ദൈവാലയത്തിൽ ഒരുവൻ നടക്കേണ്ടത് എങ്ങനെ എന്നത് എത്ര യും വ്യക്തമായി ദൈവത്തിന്റെ ആത്മാവ്നമുക്ക് രേഖപ്പെടുത്തി തന്നിട്ടു ള്ളതിനാൽ, പ്രാർത്ഥനയോടെ ഈ വിഷയം നാം പഠിക്കുമ്പോൾ ആശയ ക്കുഴപ്പം നേരിടുകയില്ല. എന്നാൽ എത്ര വ്യക്തമായ പ്രമാണങ്ങളായാലും "ദൈവം വാസ്തവമായി കൽപ്പിച്ചിട്ടുണ്ടോ ? " എന്ന തന്ത്രപരമായ ചോദ്യം കൊണ്ട് ദൈവജനത്തെ ചിന്താക്കുഴപ്പത്തിലാക്കുവാനും അതുവഴിആത്യ ന്തികമായി അവരെ വിശ്വാസത്യാഗികളാക്കുവാനും സാത്താന് സാധിക്കും. ഈ വിഷയസംബന്ധമായി നമ്മുടെ ഇടയിൽ ഉയർന്ന്വന്നുകൊണ്ടിരിക്കു ന്ന ആശയപരമായ ഭിന്നതകൾക്കുള്ള ഒരു കാരണം തിരുവെഴുത്തുകളെ ശരിയായി വിശകലനം ചെയ്യുന്നതിൽ വരുത്തിയിരിക്കുന്ന പിഴവാണ്. ചി ലപ്പോഴെങ്കിലും പരമാർത്ഥതയും അതുപോലെ ചില "വ്യക്ത്യാധിഷ്ഠിത കേന്ദ്രങ്ങളുടെ" സ്വാർത്ഥ താൽപര്യങ്ങളും ഗൂഢമായ ലക്ഷ്യങ്ങളും ഇപ്ര കാരമുള്ള ഭിന്നതക്ക് പിറകിലുണ്ട് എന്ന് പറഞ്ഞാൽ അത് അൽപ്പം പോ ലും അതിശയോക്തി കലർന്ന ഒരു പ്രസ്താവനയായിരിക്കില്ല. ബ്രദറൺ സമൂഹത്തിലെ നവീനമായ പല ആത്മീക (?) ചലനങ്ങളെയും ശ്രദ്ധയോ ടെ വീക്ഷിച്ചാൽ ആർക്കും അത് സുവ്യക്തമാവും.

മുമ്പ് സൂചിപ്പിച്ചതുപോലെ " ദൈവം വാസ്തവമായി കൽപ്പിച്ചിട്ടു ണ്ടോ ? " എന്ന ചോദ്യത്തിന് സമാനമായി ഉയർന്നുവരുന്ന ചില ചോദ്യങ്ങ ളാണ് കാലങ്ങളായി കൃത്യമായ തിരുവെഴുത്തുകളുടെ പിൻബലത്തോടെ നാം പിന്തുടർന്നു പോരുന്ന ചില ഉപദേശവിഷയങ്ങളെ വീണ്ടും വീണ്ടും പരിശോധിക്കുവാൻ ആവശ്യമായി വരുന്നത്. "നിങ്ങളിൽ കൊള്ളാകുന്നവ ർ വെളിവാകേണ്ട തിന് നിങ്ങളുടെയിടയിൽ ഭിന്നപക്ഷങ്ങളും ഉണ്ടാകണം "(1 കൊരി11:19) എന്ന അപ്പോസ്തലന്റെ വാക്കുകൾ ഇപ്രകാരമുള്ള സന്ദ ർഭങ്ങളിൽ അന്വർത്ഥമാകുന്നു.

"നാം ആശ്രയിക്കുന്ന ദൈവം ഗതിഭേദത്താലുള്ള ആഛാദനം ഉള്ളവനല്ല." അവന്റെ വചനങ്ങൾ കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയപ്പെടുന്നതും അല്ല. വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾക്ക് വിരുദ്ധമായ ഒരു പ്രകാശനം ഒരു കാലത്തും അവൻ ആർക്കും നൽകുന്നുമില്ല. അപ്രകാരം അവകാശപ്പെടുന്നവർ ഏതാത്മാവിനാൽ നടത്തപ്പെടുന്നവരാണ് എന്ന് ബഹുമാന്യ വായനക്കാർ തീരുമാനിക്കുക. "ഗ്രഹിക്കുവാൻ പ്രയാസമുള്ള ചില ഭാഗങ്ങൾ" തിരുവെഴുത്തിലുണ്ട്. എന്നാൽ അറിവില്ലാത്തവരും അസ്ഥിരൻമാരുമായവർ ചെയ്യുന്നതു പോലെ അവയെ നമ്മുടെ നാശത്തിനായി കോട്ടിക്കളയാതെ, എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോട് ജ്ഞാനത്തിനായി യാചിക്കുകയാണ് വേണ്ടത്. അങ്ങനെയെങ്കിൽ ദൈവം അത് നമുക്ക് പ്രകാശിപ്പിച്ചുതരും. പ്രിയരെ നാം പ്രാപിച്ചിരിക്കുന്ന പരിജ്ഞാനം തന്നെ അനുസരിച്ച് നടക്കുക. ദൈവാത്മാവ് വ്യക്തമാക്കിത്തരുന്ന സത്യങ്ങൾ അംഗീകരിക്കുവാനുള്ള മനസ്സ് എല്ലാവർക്കും ഉണ്ടാകേണ്ടതാണ്.അതാണ് ദൈവത്തോടുള്ള ഭക്തി.

അപ്പോസ്തലന്മാരുടെ ഗണത്തിലും മൂപ്പന്മാരുടെ ഗണത്തിലും പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ചില സഹോദരിമാർ ഉണ്ടായിരുന്നുവെന്നും ആയതിനാൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട സ്ത്രീകൾക്ക് തങ്ങളുടെ ദൈവവിളി നിവൃത്തിയാക്കേണ്ടതിനാവശ്യമായ നേതൃ സ്ഥാനങ്ങൾ നിരസിക്കുവാൻ പാടുള്ളതല്ല എന്നെല്ലാം തെളിയിക്കുവാൻ വ്യഥാശ്രമം നടത്തുന്ന ഒരു ലേഖന പരമ്പര ഈ അടുത്ത സമയത്ത് 'ജീവവചന'ത്തിൽ വായിക്കുവാനുള്ള ദുര്യോഗമുണ്ടായി. പ്രസക്ത ഭാഗങ്ങൾ താഴെ ഉദ്ധരിക്കുന്നു:

**"ഗ്രീക്കിൽ ഒരു സ്ത്രീ നാമമാണ് യൂനിയ. <u>അവളെ അപ്പോസ്തലയെന്ന് വിളിച്ചിരിക്കുന്നു."</u> ........ അന്ത്രൊനിക്കോസിനും യൂനിയാവിനും വന്ദനം ചൊല്ലുവിൻ; അവർ അപ്പോസ്തലന്മാരുടെ ഇടയിൽ പേർകൊണ്ടവരും...." (റോമർ 16 : 7). <u>ഫിലിപ്പിയ സഭയിലെ ആത്മിക നേതാക്കളായിരുന്നു യുവൊദ്യയും സന്തുകയും.</u> "........ ക്ലേമന്ത് മുതലായ എന്റെ കൂട്ടുവേലക്കാരുമായി ആ സ്ത്രീകൾ എന്നോടു കൂടെ സുവിശേഷഘോഷണത്തിൽ പോരാടിയിരിക്കുന്നു." (ഫിലി 4 : 23); എന്നാണ് പൗലോസ് പറഞ്ഞിരിക്കുന്നത്.**

**"മാന്യ നായകിയാർക്ക് യോഹന്നാൻ എഴുതിയ ലേഖനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഒരു കാര്യം വ്യക്തമാണ്. അവർ അധികാരവും മാന്യതയുമുള്ള ഒരു ആത്മീക വനിതയായിരുന്നു എന്നത്. <u>സഭയിലെ മൂപ്പന്മാർക്ക് സാധാരണയായി കൊടുക്കുന്ന വേലയാണ് (അ. പ്രവൃ. 20 : 17,28 – 31) അവൾക്ക് സഭയിൽ ഉണ്ടായിരുന്നതെന്ന് ഇതിൽ നിന്നും അനുമാനിക്കാം. എല്ലാ തെളിവുകളും വച്ച് പരിശോധിക്കുമ്പോൾ ഒരു അനുമാനത്തിൽ എത്തിച്ചേരുവാൻ സാധിക്കുന്നു.</u> വേദപുസ്തകത്തിൽ നേതൃത്വത്തെകുറിച്ച് പറയുന്നിടത്തെല്ലാം മുൻഗണന പുരുഷന്മാർക്കാണ്. എന്നാൽ തിരഞ്ഞെടുക്കപ്പെട്ട വനിതകൾക്ക് തങ്ങളുടെ ദൈവവിളി നിവൃത്തിയാക്കേണ്ടതിനാവശ്യമായ നേതൃസ്ഥാനങ്ങൾ ഒരിക്കലും നിരസിച്ചതായി കാണുന്നില്ല.**
**(ജീവവചനം 2012 മാർച്ച് 29, പേജ് 5)**

ലേഖനകർത്താവായ ബഹുമാന്യ സഹോദരൻ വി. എം. ജോൺ ചേത്തയ്ക്കൽ എല്ലാ തെളിവുകളുടേയും അടിസ്ഥാനത്തിൽ എത്തിച്ചേർന്നിരിക്കുന്നത്, ഒരു യാഥാർത്ഥ്യത്തിലല്ല മറിച്ച് ' അനുമാന ' ത്തിലാണ്

എന്ന തന്റെ വാക്കുകൾ തന്റെ വാദഗതികളുടെ ആധികാരികതയെ പരിഹസിക്കുകയാണ്. ദൈവസഭയുടെ പ്രമാണങ്ങളും അനുഷ്ഠാനങ്ങളും കർമ്മങ്ങളും ഏതെങ്കിലും അനുമാനത്തിൽ അധിഷ്ഠിതമായിട്ടല്ല രൂപം കൊണ്ടിട്ടുള്ളത് പ്രത്യുത വ്യക്തവും, കൃത്യവും, ശക്തവുമായ വേദഭാഗങ്ങളുടെ പിൻ ബലത്തിലാണ്.

ഇനി മറ്റൊരു ലേഖനഭാഗം ശ്രദ്ധിക്കുക.

**സ്ത്രീകൾ സഭയിൽ പ്രാർത്ഥിക്കുകയും സ്തോത്രം ചെയ്യുകയും, പ്രവചിക്കുകയും ചെയ്യാമെന്ന് പറയുന്നത് ഒരു നവീനോപദേശമല്ല. പുതിയ നിയമം നിഷ്പക്ഷമായി പഠിക്കുമ്പോൾ ഇത് ഒരു അപ്പോസ്തലിക ഉപദേശമാണെന്ന് മനസ്സിലാക്കുവാൻ പ്രയാസമില്ല. ( ജീവവചനം 2011 നവംബർ 29, പേജ് 4) ലേഖനകർത്താവ് ബഹുമാന്യ സഹോദരൻ പി. പി. സ്കറിയ.**

'വേർപാടുകാർ' എന്നറിയപ്പെടുന്ന നമ്മുടെ ഇടയിൽ മാത്രമല്ല പൊതുവെ ക്രൈസ്തവഗോളത്തിൽ ആകമാനം സഭയിൽ സ്ത്രീകളുടെ ശുശ്രൂഷകൾ സംബന്ധിച്ച ചൂടുപിടിച്ച ചർച്ചകളും, വാഗ്വാദങ്ങളും നടന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഈ വിഷയത്തോടുള്ള ബന്ധത്തിൽ വിവിധ പത്രമാധ്യമങ്ങളിൽ വന്ന ക്രൈസ്തവ നേതാക്കളുടെ ചില പരാമർശങ്ങൾ സഹോ.തോമസ് മത്തായി, ആനിക്കാട്, "തിരുവെഴുത്തിൽ സ്ത്രീകളുടെ സ്ഥാനം - ശുശ്രൂഷകൾ" എന്ന തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തോടുള്ള കടപ്പാടറിയിച്ചുകൊണ്ട് ആ പരാമർശങ്ങൾ ഇവിടെ പകർത്തുന്നു.

"ക്രിസ്തു ദർശനത്തിൽ ഉൾച്ചേർന്നിരിക്കുന്ന വനിതാ തുല്യാവകാശം ക്രൈസ്തവസഭകളിലും സംഘടനകളിലും നടപ്പാക്കണമെന്ന് ഡോ.ഗീവർഗീസ് മാർ കൂറിലോസ് പറഞ്ഞു." (മലയാള മനോരമ 24.11.2009)

"............... വനിതാ പുരോഹിത മുതൽ വനിതാ ബിഷപ്പ് വരെ സമീപകാല യാഥാർത്ഥ്യങ്ങളാണ്..... പെന്തക്കോസ്തു പ്രസ്ഥാനം ചുവടുറപ്പിച്ചത് സഹോദരിമാരിലൂടെയാണ്......സഭകളുടെ കണക്കെടുത്താൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്... എന്നിട്ടും സഹോദരിമാർക്ക് ഇന്നും അവസരങ്ങൾ ഇല്ല., വേദികൾ ഇല്ല, ശുശ്രൂഷാപങ്കാളിത്തമില്ല, സ്ത്രീകളെ ശുശ്രൂഷകളിൽ പങ്കെടുപ്പിക്കുവാൻ എന്തുകൊണ്ട് നാം തയ്യാറാകുന്നില്ല. സഭയിൽ സാക്ഷ്യമുള്ള ഒരു സ്ത്രീയുടെ കയ്യിൽ ഈ തിരുവത്താഴപാത്രം കൊടുത്താലെന്താ ആകാശം ഇടിഞ്ഞു വീഴുമോ.... കേരളത്തിൽ പെന്തക്കോസ്ത് ഉണ്ടാക്കിയ കുക്ക് സായിപ്പിനെ കൈവപ്പ് നൽകി പ്രാർത്ഥിച്ച് ഇങ്ങോട്ടയച്ചത് ഒരു സ്ത്രീയായിരുന്നു. പേര് മറിയ എറ്റർ....... അവർ അംഗീകൃത പാസ്റ്റർ ആയിരുന്നു. മിസ് ഈഡി എന്ന വനിതാ പാസ്റ്റർ കണ്ണൂരിൽ സ്നാന ശുശ്രൂഷകൾ നിർവഹിച്ചത് ചരിത്രത്തിൽ ഉണ്ട്..... പിടക്കോഴി കൂകിയാൽ നേരം വെളുക്കില്ലേ? (വേൾഡ് ഇവാ. വീ ക്കിലി 1995 സെപ്തംബർ).

വേൾഡ് ഇവാ. വീക്കിലിയിലെ ലേഖനകർത്താവ് ആരായിരുന്നാലും സഭാ ശുശ്രൂഷകളിലെ സ്ത്രീ- പുരുഷ സമത്വം സ്ഥാപിക്കാൻ അദ്ദേഹം ഉന്നയിച്ചിരിക്കുന്ന വാദങ്ങൾ വളരെ രസാവഹമാണ്. സഭയിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്, കുക്ക് സായിപ്പിനെ കൈവപ്പ് നൽകി അയച്ചത് ഒരു സ്ത്രീ ആണ്, വനിതാ പാസ്റ്റർ കണ്ണൂരിൽ സ്നാനശുശ്രൂഷ നടത്തിയതായി ചരിത്രത്തിലുണ്ട്. ഇങ്ങനെ പോകുന്നു

തന്റെ വാദമുഖങ്ങൾ. തന്റെ വാദങ്ങൾ സ്ഥാപിക്കുവാനും അതേ സമയം, തന്നെ ഒരു ദുരുപദേഷ്ടാവായി മുദ്രകുത്തുവാൻ സാധ്യതയുള്ളതുകൊണ്ട് അതിനെതിരെ ഒരു മുൻകൂർ ജാമ്യം എന്ന നിലയിലും ബഹുമാന്യ സഹോദരൻ പ്രൊഫ.പി.പി സ്കറിയ ഏതാണ്ട് ഇതേ രീതിയിൽ തന്നെയാണ്, തന്റെ ഭാഷയിൽ പറഞ്ഞാൽ അപ്പോസ്തലിക ഉപദേശം പരിചയപ്പെടുത്തിയിരിക്കുന്നത്. <u>ചില ഉദാഹരണങ്ങൾ:</u>

**"മഹാപ്രതിഭയും അഗാധ വേദപണ്ഡിതനും ബ്രദറൺ ഉപദേഷ്ടാവുമായിരുന്ന മഹാകവി കെ.വി.സൈമൺ സഹോദരിമാർ സഭയിൽ പ്രാർത്ഥിക്കുകയും, സാക്ഷ്യം പറയുകയും സ്തോത്രം ചെയ്യുകയും ചെയ്യുന്നതിനെ പ്രോത്സാഹിപ്പിച്ചിരുന്നു."**

**"അരനൂറ്റാണ്ട് മുമ്പുതന്നെ ആദ്യകാല ബ്രദറൺ ഉപദേഷ്ടാക്കന്മാരായിരുന്ന എ. പി പൈലി, ഇ.പി.വറുഗീസ് തുടങ്ങിയവർ .........സ്ത്രീകൾ പരസ്യമായി പ്രാർത്ഥിക്കുന്നതിനും സ്തോത്രം ചെയ്യുന്നതിനും അനുകൂലമായി മറ്റ് ലേഖനങ്ങളിലും താൻ എഴുതിയിട്ടുണ്ട്. സ്ത്രീകൾക്ക് ഉച്ചത്തിൽ പാട്ടുപാടാൻ സ്വാതന്ത്ര്യമുള്ളപ്പോൾ പ്രാർത്ഥിക്കുന്നതിനെ എതിർക്കുന്നതിന്റെ യുക്തിരാഹിത്യത്തെ അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്." "ജെ.എം.ഡേവിസ് എന്ന സായിപ്പിന്റെ വരവോടെയാണ് സ്ത്രീകളെ സഭയിൽ നിശബ്ദരാക്കിയതെന്നാണ് ഇ.പി. എഴുതിയിരിക്കുന്നത്."**

**"ഇംഗ്ലണ്ടിലെ ബ്രദറൺകാരുടെ ഇടയിൽ മാത്രമല്ല യൂറോപ്പിലെ സഹോദരന്മാരുടെ മദ്ധ്യത്തിലും <u>സമാന ചിന്താഗതിക്ക് അംഗീകാരം ലഭിച്ചുതുടങ്ങിയിട്ടുണ്ട്."</u>**

**"ബ്രദറൺ സമൂഹത്തിലെ ഒരു സുവിശേഷകനും പ്രമുഖ വ്യാഖ്യാതാവുമായ കെ.വി.ജോൺ അവർകൾ കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിൽ കൊടുത്തിരിക്കുന്ന വളവും തിരിവുമില്ലാത്ത രണ്ട് പ്രസ്താവനകൾ കൂടി ഉദ്ധരിച്ചുകൊണ്ട് ഈ ഭാഗം ഇവിടെ അവസാനിപ്പിക്കുകയാണ്. 1കൊരി 11 :5 നെപ്പറ്റി താൻ ഇപ്രകാരം എഴുതിയിരിക്കുന്നു. "മൂടുപടമില്ലാതെ പ്രാർത്ഥി ക്കുകയോ പ്രവചിക്കുകയോ ചെയ്യുന്നതിനെയാണ് ഇവിടെ തിരുത്തുന്നത്. മൂടുപടമിട്ടുകൊണ്ട് ചെയ്യാമെന്നുള്ള അനുവാദവും ഈ വാക്യത്തിലുണ്ട്." 1കൊരി 14:35 നോടുള്ള ബന്ധത്തിലുള്ള പ്രസ്താവന ഇപ്രകാരമാണ്. പുരുഷന്മാരുള്ള ഒരു സഭയിൽ അവരുടെ പൂർണ്ണ നിയന്ത്രണത്തിലും അധികാരത്തിലും ഉൾപ്പെട്ടുകൊണ്ട് അവരുടെ അനുവാദത്തോടെയുള്ള പാട്ടോ പ്രാർത്ഥനയോ ഒന്നും മിണ്ടരുത് എന്നതിൽ പെടുത്തേണ്ടതില്ല." (ജീവവചനം 2011, ഡിസംർ 29, പേജ് 4, 2012 ജനുവരി 14 പേജ്4)**

നാം പറയുന്നതും സ്ഥാപിക്കുന്നതും തികച്ചും വചനാടിസ്ഥാനത്തിലുള്ള വിഷയങ്ങളാണ് എന്ന് നമുക്ക് പൂർണ്ണബോധ്യമുണ്ടെങ്കിൽ ഒരു ദുരുപദേഷ്ടാവായി മുദ്രകുത്തപ്പെടും എന്ന ഭയമോ, ആയതിനാൽ പ്രഗത്ഭരായ ഉപദേഷ്ടാക്കന്മാരുടെയും വേദപണ്ഡിതന്മാരുടെയും ഒരു വൻമതിൽ പടുത്തുയർത്തി സ്വയം പ്രതിരോധിക്കുവാനുള്ള ശ്രമമോ നമ്മുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ട ആവശ്യമില്ല. കാരണം നാം സത്യത്തിന്റെ പക്ഷത്താണെങ്കിൽ യഹോവ നമുക്ക് വേണ്ടി യുദ്ധം ചെയ്യും.

"ദൈവത്തിന്റെ സഭയിൽ സ്ത്രീജനത്തിന്റെ ശ്രേഷ്ഠത" എന്ന ശീർഷകത്തിൽ ഞാൻ എഴുതുന്ന ഈ ലേഖനം പ്രസ്തുത വിഷയത്തിൽ തിരുവെഴുത്തുകൾ വ്യക്തമാക്കുന്ന കൃത്യമായ ഉപദേശ സത്യങ്ങൾ തെളിയിക്കുന്നതോടൊപ്പം തന്നെ മേൽ പ്രസ്താവിച്ച ലേഖകരുടെ ആശയങ്ങൾ

തികച്ചും വചനവിരുദ്ധമായത് കൊണ്ട് അവയ്ക്ക് പ്രതിവാദം പറയുവാനും എനിക്കാവശ്യമുണ്ട്. എന്നാൽ ബഹുമാന്യനായ കർത്യദാസൻ പ്രൊഫ.പി.പി.സ്കറിയ സഹോദരന്റെ ലേഖനപരമ്പര പൂർണ്ണമാക്കപ്പെട്ടിട്ടില്ലാത്തതിനാൽ തന്റെ വാദങ്ങൾ പൂർണ്ണമായും മനസ്സിലാക്കി അവക്കുള്ള പ്രത്യുക്തിയും പറഞ്ഞതിന് ശേഷം മാത്രമേ ഈ ലേഖനപരമ്പര അവസാനിപ്പിക്കുവാൻ നിർവ്വാഹമുള്ളൂ. കാരണം ഈ വിധത്തിൽ ഒരു ലേഖനം എഴുതുവാൻ എനിക്കിടയായതിന്റെ ചില പ്രധാനകാരണങ്ങളിലൊന്ന് ഈ പ്രിയപ്പെട്ടവരുടെ ലേഖനങ്ങളാണ്.

# II

തങ്ങളുടെ ഉപദേശം സ്ഥാപിക്കുവാനുള്ള ശ്രമത്തിൽ, ക്രമീകൃതമായി വാദമുഖങ്ങളെ അവതരിപ്പിക്കുന്നതിൽ സഹോ.വി.എം.ജോണിനേക്കാൾ വിജയിച്ചിരിക്കുന്നത് പ്രൊഫ.പി.പി.സ്കറിയയാണ്.അതുകൊണ്ടു തന്നെ അദ്ദേഹത്തി ന്റെ ലേഖനത്തിന് വിഷയാവതരണത്തോടുള്ള ബന്ധത്തിൽ, വായനയിൽ കൂടുതൽ ആസ്വാദ്യത അനുഭവപ്പെടുന്നുണ്ട്. അതേസമയം ശുശ്രൂഷകളിലെ സ്ത്രീപുരുഷ സമത്വം എന്ന വചനവിരുദ്ധ ഉപദേശം സ്ഥാപിക്കുവാൻ രണ്ട് പേരും ഒരുപോലെ ബദ്ധപ്പെടുന്നുണ്ടതാനും. ഡോ.സി.വി. വടവന, ജീവവചനം 2011 ഒക്ടോബർ 14ലക്കത്തിൽ 'സോദരി ശുശ്രൂഷ' എന്ന തലകുറിപ്പിൽ നമ്മുടെ സഹോദരിമാരെ അടിച്ചൊതുക്കി വച്ചിരിക്കുന്നത് ഭൂഷണമാണോ? എന്നൊരു ചോദ്യം ചോദിച്ചിരുന്നു. ഈ ചോദ്യമാണ് പ്രസ്തുത വിഷയസംബന്ധമായി ചില കുറിപ്പുകൾ (ഡോ.സി.വി.വടവനയുടെ ആശയങ്ങൾക്ക് അനുകൂലമായ വിധത്തിൽ) " വചനാടിസ്ഥാനത്തിൽ" എഴുതുവാൻ പ്രേരകമായതെന്ന് സഹോ.വി.എം.ജോൺ സമർത്ഥിക്കുന്നു (2012 ഫെബ്രുവരി 14 ജീവവചനം). എന്നാൽ വചനാടിസ്ഥാനത്തിൽ ഉപദേശം സ്ഥാപിക്കുവാൻ ആരംഭിച്ചിട്ട് 'എല്ലാ തെളിവുകളുടേയും അടിസ്ഥാനത്തിൽ ഒരു അനുമാനത്തിലാണ്' താൻ എത്തിച്ചേർന്നത് (ജീവവചനം 2012 മാർച്ച് 29). ആത്മാവു കൊണ്ടാരംഭിച്ചിട്ട് ജഡം കൊണ്ട് സമാപിക്കുന്നു എന്നൊക്കെ പറയുന്നതുപോലെ. ഇനിയും പി.പി.സ്കറിയ സഹോദരന്റെ വാക്കുകൾ, "ഈ വിഷയത്തെക്കുറിച്ച് ആഴമായ ഒരു പഠനം നടത്താൻ ഞാൻ ശ്രമിച്ചിട്ടുണ്ട്.എന്റെ പഠനം എന്റെ ആശയങ്ങളെ കൂടുതൽ ഉറപ്പിക്കുവാനെ ഇടയാക്കിയിട്ടുള്ളൂ. ( ജീവവചനം 2011 നവംബർ 29). തുടർന്ന് ഉൽപ്പത്തി പുസ്തകത്തിലെ സൃഷ്ടിവൃത്താന്തത്തെകുറിച്ച് താൻ വിശദമായി പ്രതിപാദിച്ചശേഷം, ആഴമായ പഠനത്തിന്റെ ഫലമായി തനിക്ക് ലഭിച്ച ആശയങ്ങളെ അടുക്കും ചിട്ടയോടുംകൂടി അവതരിപ്പിച്ചിരിക്കുന്നു. ബഹുമാന്യ വായനക്കാർ ശ്രദ്ധിക്കുക....

**രണ്ടാം അദ്ധ്യായത്തിലെ സൃഷ്ടിയുടെ വിവരണത്തിലും, പുരുഷന് തുല്യമാണ് സ്ത്രീ എന്ന ആശയത്തിനാണ് മുൻതൂക്കമുള്ളത്.... മനഃശാസ്ത്രപരമായും, ശാരീരികമായും പുരുഷനും സ്ത്രീക്കും തമ്മിൽ വ്യത്യാസമുണ്ട്. (ജീവവചനം 2012 ഫെബ്രുവരി 14). ഉൽപത്തി പുസ്തകത്തിലെ സൃഷ്ടി വിവരണങ്ങളിൽ നിന്ന് പുരുഷന്റെ മേൽക്കോയ്മയോ സ്ത്രീയുടെ അധീനതയോ കാണാൻ കഴിയുകയില്ല. തുല്യപദവിയും വ്യത്യസ്തതയുമുള്ള രണ്ട് വ്യക്തികളാണ് പുരുഷനും സ്ത്രീയും. അവർ തമ്മിൽ സ്ഥാനവ്യത്യാസങ്ങൾ ഇല്ല. (ജീവവചനം 2012 ഫെബ്രുവരി 29).വേദപണ്ഡിതന്മാരുടെ പൊതുവിലുള്ള അഭിപ്രായവും, എബ്രായ ഭാഷയിലുള്ള ഭാവികാല പ്രയോഗവും**

**പരിഗണിച്ചാൽ സ്ത്രീയുടെ അധീനത്വം മനുഷ്യൻ പാപത്തിൽ വീണതിന്റെ പരിണിത ഫലമാണെന്ന നിഗമനത്തിൽ എത്തിച്ചേരേണ്ടിവരും. (ജീവവചനം 2012 മാർച്ച് 29).**

ചുരുക്കത്തിൽ സൃഷ്ടിയിൽ സ്ത്രീപുരുഷന്മാർ തമ്മിൽ സ്ഥാനവ്യത്യാസങ്ങൾ ഇല്ല. ഉള്ള വ്യത്യാസങ്ങളാകട്ടെ മനശാസ്ത്രപരവും ശാരീരികവും മാത്രമാണ്. സ്ത്രീക്ക് പുരുഷനോടുള്ള വിധേയത്വം പാപത്തിന്റെ പരിണിതഫലമാണ്... ആഴമായ പഠനത്തിന്റെ ഫലമായി പ്രൊഫ.പി.പി.സ് കറിയ എത്തിച്ചേർന്നിരിക്കുന്ന നിഗമനങ്ങൾ ഇതെല്ലാമാണ്. നിശ്ചയമില്ലാത്ത സംഗതികൾ ഉപസംഹരിക്കുവാനാണ് അനുമാനങ്ങളും നിഗമനങ്ങളും ആവശ്യമായി വരുന്നത്. ഇക്കാര്യത്തിൽ രണ്ട് എഴുത്തുകാരുംസമാന ഹൃദയരാണ്.

യോഗ്യമായ നിലയിൽ നിലനിർത്തേണ്ട ദിവ്യമായ ഒരു ക്രമീകരണമാണ് പുരുഷന്റെ നായകത്വവും (headship) സ്ത്രീയുടെ വിധേയത്വം (subjection) എന്നത് സൃഷ്ടിയിൽ, മനുഷ്യൻ പാപം ചെയ്യുന്നതിന് മുമ്പ് തന്നെ ദൈവം വ്യക്തമാക്കിയിരുന്നു എന്നതിന് കുറഞ്ഞത് അര ഡസനോളം തെളിവുകൾ നിരത്തുവാൻ എന്റെ പക്കലുണ്ട്. എന്നാൽ പ്രിയ സഹോദരന്റെ ആഴമായ പഠനത്തിന്റെ ഭോഷത്വം വെളിപ്പെടുത്തുവാൻ ഒരു തെളിവ് മാത്രം തൽക്കാലം നൽകി മുന്നോട്ട് പോവുകയാണ്. ഈ വിഷയ സംബന്ധമായി ഏറെ എഴുതുവാനുണ്ട്എന്നതിനാൽ സന്ദർഭോചിതമായി മറ്റ് തെളിവുകളും ദൈവജനത്തിന്റെ മുമ്പിൽ നിരത്തുന്നതാണ്.

'ആദാമിന്റെ ലംഘനത്തിന് തുല്യമായ പാപം' എന്നൊരു പ്രയോഗം റോമ. 5:4 ൽ നാം കാണുന്നുണ്ട്.ആദാമിന്റെ ലംഘനത്തിന് തുല്യമായ പാപം ചെയ്യാത്തവരിലും മരണം ആദാം മുതൽ മോശെ വരെ വാണിരുന്നു എന്ന് അപ്പോസ്തലൻ രേഖപ്പെടുത്തുന്നു.എന്തായിരുന്നു ആദാമിന്റെ ലംഘനം? "നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൽ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും" (ഉൽപത്തി 2 : 17) എന്ന പ്രത്യേകമായ ദൈവീക കൽപന ആദാം ലംഘിക്കുകയും പരിണിതഫലത്തിന് വിധേയനാവുകയും ചെയ്തു. എന്നാൽ ഇവിടെ ശ്രദ്ധേയമായ സംഗതി സ്ത്രീയാണ് വഞ്ചിക്കപ്പെട്ട് ആദ്യം ലംഘനത്തിൽ അകപ്പെട്ടത് (ഉൽപ്പത്തി 3:6,I 1 തിമോ 2 :14) എങ്കിലും പ്രസ്തുത ലംഘനത്തെ ആദാമിന്റെ ലംഘനം എന്നാണ് തിരുവെഴുത്ത് വിളിക്കുന്നത്. മൂന്ന് കാരണങ്ങളാണ് അതിനാധാരമായി തിരുവെഴുത്ത് വ്യക്തമാക്കുന്നത്. അതിൽ രണ്ടെണ്ണം നാം ചിന്തിച്ച് വരുന്ന വിഷയവുമായി ബന്ധമില്ലാത്തതാകയാൽ ഒന്ന് മാത്രം താഴെ കുറിക്കുന്നു.

നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലത്തെകുറിച്ചും അത് ഭക്ഷിച്ചാലുണ്ടാകുന്ന ഭവിഷ്യത്തിനെക്കുറിച്ചും ദൈവം ആദാമിനോടാണ് അറിയിച്ചിരുന്നത്, സ്ത്രീയോടല്ല (ഉൽപ ത്തി 2:16,17). എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തെകുറിച്ചുള്ള അറിവ് സ്ത്രീക്കുണ്ടായിരുന്നു എന്ന് തിരുവെഴുത്ത് തെളിവായി പറയുന്നു. (ഉൽപത്തി 3 : 2, 3) ആദാമിലൂടെയല്ലാതെ ഈ അറിവ് സ്ത്രീക്ക് ലഭിക്കുവാൻ മറ്റ് ക്രമീകരണങ്ങൾ ദൈവം വച്ചിരുന്നതായി ബൈബിൾ വെളിപ്പെടുത്തുന്നില്ല. അതുകൊണ്ട് തന്നെ ആദ്യം ലംഘനത്തിൽ അകപ്പെട്ടത് സ്ത്രീയാണെങ്കിലും അതിന്റെ ഉത്തരവാദിത്വം ആദമിനാണ്. ആയതിനാലാണ് വഞ്ചിക്കപ്പെട്ട് ആദ്യം ലംഘനത്തിൽഅകപ്പെട്ടത് സ്ത്രീയായിരുന്നിട്ട്കൂടി പുരുഷനോട് "നീ എവിടെ...തിന്നരുതെന്ന് <u>ഞാൻ നിന്നോട് കൽപ്പിച്ച</u> വൃക്ഷഫ

ലം നീ തിന്നുവൊ...? (ഉൽപത്തി 3:9 - 11) എന്ന് ദൈവം ചോദിച്ചത്.

ദൈവീക സത്യങ്ങൾ സ്ത്രീയെ പഠിപ്പിക്കുന്നതിനുള്ള നായകത്വം (headship) ദൈവം പുരുഷനാണ് നൽകിയത്.അധ്യാപനം ഭർത്താവിനും (പുരുഷനും) അധ്യയനം ഭാര്യക്കും (സ്ത്രീക്കും). മനുഷ്യന്റെ സൃഷ്ടിപ്പിൽ, അവന്റെ വീഴ്ചയ്ക്ക് മുമ്പ് തന്നെ ദൈവം വെളിപ്പെടുത്തിയ ഈ യാഥാർത്ഥ്യമാണ് ദൈവസഭയോടുള്ള ബന്ധത്തിലും നാം കാണുന്നത്.

അവർ വല്ലതും പഠിക്കുവാൻ ഇച്ഛിക്കുന്നു എങ്കിൽ വീട്ടിൽ വച്ച് ഭർത്താക്കൻമാരോട് ചോദിച്ചുകൊള്ളട്ടെ; സ്ത്രീ സഭയിൽ സംസാരിക്കുന്നത് അനുചിതമല്ലോ (1കൊരി.14:35).

സ്ത്രീമൗനമായിരുന്ന് പൂർണ്ണാനുസരണത്തോടുംകൂടെ പഠിക്കട്ടെ. മൗനമായിരിക്കുവാൻ അല്ലാതെ ഉപദേശിക്കുവാനൊ പുരുഷന്റെമേൽ അധികാരം നടത്തുവാനൊ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല (1തിമോ2:11, 12).

പുരുഷന്റെ നായകത്വവും സ്ത്രീയുടെ വിധേയത്വവും,മനുഷ്യന്റെ സൃഷ്ടിയിൽ അവന്റെ വീഴ്ചക്ക് മുമ്പ് തന്നെ ദൈവം വച്ച ഒരു ക്രമീകരണമായിരിക്കെ, ഈ ദൈവീക സത്യത്തെ അസാധുവാക്കാനാണ് ബഹുമാന്യ സഹോദരൻമാരായ വി.എം.ജോണും, പ്രൊഫ.പി.പി.സ്കറിയയും തൂലിക ചലിപ്പിച്ച് കൊണ്ടിരിക്കുന്നത്.

ആകയാൽ ഈ ഏറ്റവും ചെറിയ കൽപ്പനകളിൽ ഒന്ന് അഴിക്കുകയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്ന് വിളിക്കപ്പെടും; അവയെ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനൊ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്ന് വിളിക്കപ്പെടും (മത്തായി 5:19).

# III

**………പുരുഷനെ ആദ്യവും സ്ത്രീയെ രണ്ടാമതും സൃഷ്ടിച്ചിരിക്കുന്നതുകൊണ്ട് മുൻഗണന അനുസരിച്ച് പുരുഷന്മാർക്കാണ് ഒന്നാം സ്ഥാനം കൊടുക്കേണ്ടത് എന്ന് ചിലർ വാദിക്കുന്നു. എന്നാൽ സമയത്തിന്റെ അടിസ്ഥാനത്തിലുള്ള മുൻഗണന ശ്രേഷ്ഠതയ്ക്ക് അഥവാ മേൽക്കോയ്മയ്ക്ക് ഒഴിച്ചു കൂടാൻ കഴിയാത്ത ഒരു ഘടകമായി പരിഗണിക്കുവാൻ തിരുവചനാടിസ്ഥാനത്തിൽ നിന്നു മനസ്സിലാക്കാനാവില്ല. ഒന്നാമത് സൃഷ്ടിക്കപ്പെടുന്നതിന് മേധാവിത്വമുണ്ടെങ്കിൽ മനുഷ്യനെക്കാൾ മൃഗങ്ങൾക്കാണ് ഉന്നത സ്ഥാനം കൊടുക്കേണ്ടത്. മൃഗങ്ങളെ സൃഷ്ടിച്ചതിനു ശേഷമാണല്ലോ മനുഷ്യനെ സൃഷ്ടിച്ചത്. (പ്രെഫ. പി.പി. സ്കറിയ, ജീവവചനം 2012 ഫെബ്രുവരി 29).**

മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ ……………. (സങ്കീർത്തനം 49:20) എന്ന വേദവാക്യമാണ് ഈ വാക്കുകൾ വായിച്ചപ്പോൾ ഈയുള്ളവന്റെ ഓർമയിലേക്ക് വന്നത്. (ഞാൻ ക്രിസ്തുവിൽ സത്യം പറയുന്നു. ഞാൻ പറയുന്നതു ഭോഷ്ക്കല്ല.) സത്യത്തെ തമസ്കരിക്കുവാനുള്ള ബാലിശമായ വാദഗതികളല്ല "ആഴമായ പഠനം" നടത്തി എന്ന് അവകാശപ്പെടുന്ന ഒരാളിൽ നിന്നും വായനക്കാർ പ്രതീക്ഷിക്കുന്നത്. "പുരുഷനെ ആദ്യവും സ്ത്രീയെ രണ്ടാമതും സൃഷ്ടിച്ചിരിക്കുന്നതുകൊണ്ട് മുൻഗണന അനുസരിച്ച് പുരുഷന്മാർക്കാണ് ഒന്നാം സ്ഥാനം കൊടുക്കേണ്ടത് എന്നു <u>ചിലർ വാദിക്കുന്നു"</u> എന്ന തന്റെ പ്രസ്താവന ശ്രദ്ധിക്കുക. തുടർന്ന് ഈ വാദത്തിനു മറുപടിയും അദ്ദേഹം നൽകുന്നു.' 'ഒന്നാമത് സൃഷ്ടിക്കപ്പെടുന്നതിനു മേധാവിത്വമുണ്ടെങ്കിൽ മനുഷ്യനെക്കാൾ മൃഗങ്ങൾക്കാണ് ഉന്നത സ്ഥാനം കൊടുക്കേണ്ടത്. മൃഗങ്ങളെ സൃഷ്ടിച്ചതിനു ശേഷമാണല്ലോ മനുഷ്യനെ സൃഷ്ടിച്ചത്".ശുദ്ധ അസംബന്ധം എന്നല്ലാതെ അതിൽ കുറഞ്ഞ വിശേഷണങ്ങൾ ഒന്നും ഈ വ്യാഖ്യാനം അർഹിക്കുന്നില്ല. വാദപ്രതിവാദം നടത്തി നേടിയെടുക്കുവാൻ പുരുഷനോട് ദൈവം ആവശ്യപ്പെട്ടിരിക്കുന്ന ഒരു സംഗതിയല്ല അവന്റെ 'നായകത്വം' (Headship) എന്നുള്ളത്. അത് സൃഷ്ടിപ്പിൽ ദൈവം തന്നെ വച്ചിരിക്കുന്ന ഒരു ക്രമമാണ്.. അർത്ഥാൽ ദൈവദത്തമാണ് . അതുകൊണ്ട് തന്നെ സ്വാഭാവികമാണ് (Natural). സ്വാഭാവിക ക്രമത്തെ ( Natural order ) സ്വഭാവ വിരുദ്ധമാക്കുവാൻ ശ്രമിക്കുന്നവർ ഏതൊരുകാലത്തും ഉപയോഗിക്കുന്ന വിലകുറഞ്ഞ ഒരു തന്ത്രമാണ് ഇല്ലാത്ത വാദങ്ങൾ ഉണ്ടെന്നു വരുത്തി ആ വിടവിലൂടെ നാശകരമായ മതഭേദങ്ങളെ ( destructive heresies ) നുഴയിക്കുക എന്നത്. ഇത്തരുണത്തിൽ അപ്പോസ്തലന്റെ വാക്കുകൾ പ്രത്യേകം ശ്രദ്ധിക്കപ്പെടേതുണ്ട്, ……….'ഞാൻ പോയശേഷം ആട്ടിൻ കൂട്ട

ത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചു കളയുവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽനിന്നും എഴുന്നേൽക്കും (അപ്പോ. 20:29,30). വിപരീതോപദേശക്കാർ എഴുന്നേൽക്കുന്നത് സഭയ്ക്കു അകത്തു നിന്നാണെന്നും ക്രിസ്തു ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചു കളയുക എന്നതാണ് അവരുടെ ഉദ്ദേശ്യമെന്നും പൗലോസ് വ്യക്തമാക്കുന്നു. സകലവും ശോധന ചെയ്തു നല്ലതു മുറുകെ പിടിക്കുവാനുള്ള ഉത്തരവാദിത്വം അവരവരിൽതന്നെ നിക്ഷിപ്തമായിരിക്കുന്നതിനാൽ ഓരോ ക്രിസ്തു വിശ്വാസിയും വളരെ ജാഗ്രതയോടെ ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടേ മതിയാകൂ.

**തിരുവെഴുത്തിന്റെ ഉപദേശം.**

ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദേവാലയത്തിൽ ഓരോരുത്തരും നടക്കേണ്ടത് എങ്ങനെയെന്ന് രേഖപ്പെടുത്തിയിരിക്കുന്ന ഇടയലേഖനത്തിൽ നിന്നും ഒരു ഭാഗം ഉദ്ധരിക്കട്ടെ.

ആദം ആദ്യം നിർമിക്കപ്പെട്ടു, പിന്നെ ഹവ്വ;
ആദാം അല്ല സ്ത്രീ അത്രെ വഞ്ചിക്കപ്പെട്ട് ലംഘനത്തിൽ അകപ്പെട്ടത്. (1.തിമൊ.2:13,14)

സഭാ കൂടിവരവുകളിൽ ശുശ്രൂഷകളിൽ സ്ത്രീ ജനത്തിന്റെ മേലുള്ള നിയന്ത്രണത്തെക്കുറിച്ച് പറഞ്ഞു വന്നിട്ട് (1.തിമൊ.2:8-12) ഈ നിയന്ത്രണത്തിനു രണ്ടുവിധ കാരണങ്ങൾ ഉള്ളതായി പൗലോസ് വ്യക്തമാക്കുന്നു.

1.സൃഷ്ടിപരം: (ആദം ആദ്യം നിർമിക്കപ്പെട്ടു, പിന്നെ ഹവ്വ;)

2. ശിക്ഷാപരം: (ആദം അല്ല സ്ത്രീയത്രെ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടത്)

ഒന്നാമത്തേതു, സൃഷ്ടിപ്പിൽ സ്ത്രീയുടെ മേലുള്ള പുരുഷന്റെ നായകത്വത്തെയും രണ്ടാമത്തെത്, സ്ത്രീ പുരുഷനു വിധേയപ്പെട്ടിരിക്കേണ്ടതിന്റെ ആവശ്യകതയെയും വ്യക്തമാക്കുന്നു.ഇതിൽ ഒന്നാമത് രേഖപ്പെടുത്തിയിരിക്കുന്ന 'സൃഷ്ടിപരം' ആണ് നാം ചിന്തിച്ചു വരുന്ന വിഷയത്തിന്റെ പരിധിയിൽപെടുന്നത് എന്നതിനാൽ ആ ഭാഗം അൽപംകൂടി വിശദമാക്കുവാൻ ആഗ്രഹിക്കുന്നു. മറ്റൊരു തിരുവചനഭാഗം ശ്രദ്ധിക്കുക.

"പുരുഷൻ സ്ത്രീയിൽ നിന്നല്ലല്ലോ, സ്ത്രി പുരുഷനിൽ നിന്നത്രെ ഉണ്ടായത്. പുരുഷൻ സ്ത്രീയ്ക്കായിട്ടല്ല സ്ത്രീ പുരുഷനായിട്ടല്ലോ സൃഷ്ടിക്കപ്പെട്ടത്.?" (1.കൊരി.11:8,9)

സ്ത്രീയുടെ സൃഷ്ടിപ്പിനോടുള്ള ബന്ധത്തിൽ രണ്ടു കാര്യങ്ങളാണ് വിശുദ്ധ പൗലോസ് ഇവിടെ വ്യക്തമാക്കുന്നത്.

1. സ്ത്രീ ഉണ്ടണ്ടായത് (originate) പുരുഷനിൽ നിന്നാണ്.
   (from the man)
2. സ്ത്രീ സൃഷ്ടിക്കപ്പെട്ടത് (created) പുരുഷനു വേണ്ടിയാണ്.
   (for the man)

സ്രഷ്ടാവായ ദൈവം സൃഷ്ടിപ്പിൽ പുരുഷനും സ്ത്രീയ്ക്കും അനേക കാര്യങ്ങളിൽ ഐക്യതയും, തുല്യതയും നൽകിയിരുന്നു എന്നത് നിസ്തർക്കമാണ് (ഉൽപത്തി 1.26-28; 5:12.).പുരുഷനും സ്ത്രീയും ഒരേ ദൈവസാദൃശ്യത്തിലാണ് സൃഷ്ടിക്കപ്പെട്ടത്. ഭൂമിയുടെമേൽ വാഴുവാനുള്ള അധികാരം രണ്ടുപേർക്കുമാണ് നൽകിയത്. അനുഗ്രഹത്തിലും അവർ തുല്യതയുള്ളവരാണ്. എങ്കിലും അവർ തമ്മിൽ സ്ഥാനം സംബന്ധിച്ചും,

ഉത്തരവാദിത്വങ്ങൾ സംബന്ധിച്ചും വ്യത്യാസം കൽപ്പിച്ചിരുന്നു. മുകളിൽ ഉദ്ധരിച്ച അപ്പോസ്തലന്റെ വാക്കുകൾ സ്വന്ത ആശയങ്ങൾ തിരുകി കയറ്റാതെ പ്രാർത്ഥനയോടെ മനസ്സിലാക്കുവാൻ ശ്രമിച്ചാൽ , ഏതൊരു സാധാരണക്കാരനും മനസ്സിലാക്കുവാൻ കഴിയുന്നവിധത്തിൽ ദൈവാത്മാവിന്റെ ആലോചന സ്പഷ്ടമാണ്.

പുരുഷന്റെ നായകത്വവും, സ്ത്രീയുടെ വിധേയത്വവും എത്രയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്ന ഒരു ഭാഗമാണ് 1 കൊരി.11:3-16 വരെയുള്ള വാക്യങ്ങൾ. സ്ത്രീയുടെ തല പുരുഷൻ (1 കൊരി.11:3)എന്നു ദൈവാത്മാവ് രേഖപ്പെടുത്തുമ്പോൾ "ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" എന്നതിൽ ആൺ-പെൺ വത്യാസമില്ല എങ്കിലും (ഗലാ.3:27,28) കുടുംബത്തിലും ദൈവസഭയിലും നായകത്വം പുരുഷനാണ് എന്ന യാഥാർത്ഥ്യം സ്ഫടികസ്ഫുടമായിവ്യക്തമാക്കുകയാണ്. അതായത്,ക്രിസ്തുവിൽ നാം ഒന്നായിരിക്കുമ്പോൾ തന്നെ കുടുംബത്തിലും ദൈവസഭയിലും സ്ഥാനീയവും കർത്തവ്യപരവുമായിരിക്കുന്ന വ്യത്യാസങ്ങൾ സ്ത്രീ പുരുഷന്മാർ തമ്മിലുണ്ട്. അതുപോലെ," ....സ്ത്രീയ്ക്കു ദൂതന്മാർ നിമിത്തം തലമേൽ അധീനതാലക്ഷ്യം (വിധേയത്വത്തിന്റെ പ്രതീകം- POC) ഉണ്ടായിരിക്കണം. (1 കൊരി 11:10) എന്ന് പവിത്രാത്മാവ് രേഖപ്പെടുത്തിയിരിക്കുമ്പോൾ, നായകത്വമുള്ളതു കൊണ്ടാണ് വിധേയത്വം ആവശ്യമായി വരുന്നതെന്ന വസ്തുത വചനത്തെ സ്നേഹിക്കുന്നവർ അംഗീകരിച്ചേ മതിയാകൂ.

**മൂടുപടം: വിധേയത്വത്തിന്റെ പ്രതീകം**

ദൈവം നമ്മുടെ _കർത്താവായ _യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദി നിർണയമാണ് (eternal purpose) സഭ. അതായത് സഭ എന്ന നിത്യമായ പദ്ധതി ദൈവം നിവർത്തിച്ചത് കർത്താവായ യേശുക്രിസ്തുവിൽ കൂടിയാണ്. ഈ സഭയിലൂടെയാണ് ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം സ്വർഗത്തിലെ വാഴ്ചകൾക്കും അധികാരങ്ങൾക്കും അറിയായ് വരുന്നത് (എഫെ. 3:10,11). ഒന്നു കൂടി വ്യക്തമാക്കിയാൽ ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനത്തെക്കുറിച്ചുള്ള സ്വർഗീയന്മാരുടെ പാഠപുസ്തകമാണ് ദൈവസഭ. അവിടെ വിധേയത്വത്തിന്റെ പ്രതീകമായ മൂടുപടം അണിഞ്ഞ സ്ത്രീകൾക്കും അവരുടെ വാചാലമായ മൗനത്തിനും (active silence) വലിയ പ്രാധാന്യം ഉണ്ട്. ഈ യാഥാർത്ഥ്യം അംഗീകരിക്കാത്ത സ്ത്രീകളും, സഭാ ശുശ്രൂഷകളിൽ അവരുടെ സമത്വത്തിനു വേണ്ടി വാദിക്കുന്ന അഭിനവ അപ്പോസ്തലന്മാരും ദൈവത്തിന്റെ സഭയിൽ സ്ത്രീജനത്തിന്റെ ശ്രേഷ്ഠത അലക്ഷ്യമാക്കുകയാണ്.ദൈവത്തെയും ദൈവശ്വാസീയമായ തിരുവെഴുത്തിനെയും മറ്റെന്തിനെക്കാളും വിലമതിക്കുന്ന സഹോദരിമാരോട് മാത്രമായി പറയട്ടെ.....വ്യർത്ഥവാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുത്; ഈ വക നിമിത്തമല്ലോ ദൈവകോപം അനുസരണം കെട്ടവരുടെമേൽ വരുന്നു. നിങ്ങൾ അവരുടെ കൂട്ടാളികൾ ആകരുത്."
(എഫെ. 5:6,7)



# IV

## മൂടുപടം

വിധേയത്വത്തിന്റെ പ്രതീകമായതിനാൽ (1.കൊരി.11:10) ദൈവസഭയുടെ അംഗമായ ഒരു സ്ത്രീ മൂടുപടം ഇടാതെ പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല (1. കൊരി.11:5), എന്നതാണ് ദൈവസഭയുടെ ഉപദേശവും മര്യാദയും (custom) ഈ ഉപദേശത്തിന് എതിരെ ഒരുത്തൻ തർക്കിക്കുവാൻ ഭാവിച്ചാൽ മൂടുപടം ഇടാതെയുള്ള ഒരു മര്യാദ ദൈവസഭകൾക്കില്ലെന്ന് അപ്പോസ്തലൻ മറയില്ലാതെ വ്യക്തമാക്കുകയാണ്.

"ഒരുത്തൻ തർക്കിക്കുവാൻ ഭാവിച്ചാൽ അങ്ങനെയുള്ള മര്യാദ ഞങ്ങൾക്കില്ല, ദൈവ സഭകൾക്കുമില്ല എന്നു ഓർക്കട്ടെ". (1കൊരി.11:16).

ഈ ഭാഗത്ത് "അങ്ങനെയുള്ള മര്യാദ" എന്നു പറഞ്ഞിരിക്കുന്നത് തർക്കിക്കുന്ന കാര്യത്തെ സംബന്ധിച്ചാണ് എന്നൊരു തെറ്റായ ധാരണ നമ്മുടെ വിശ്വാസികൾക്കിടയിലുണ്ട്. ആയതിനാൽ വാദപ്രതിവാദങ്ങളെയും ഖണ്ഡന മണ്ഡനങ്ങളെയും തികച്ചും അനാത്മികമായി അവർ കാണുകയും അങ്ങനെയുള്ളവരെ ആത്മീക വളർച്ചയില്ലാത്തവരായി പരിഗണിക്കുകയും ചെയ്യുന്നു. എന്നാൽ 'മര്യാദ' എന്നതിനു 'ആചാരം' (custom) എന്ന വാക്കാണ് കുറച്ചു കൂടി യോഗ്യമായ പരിഭാഷ. 'തർക്കിക്കുക' എന്നത് ഒരു ആചാരമല്ലല്ലോ ?. ആയതിനാൽ 'മൂടുപടം ധരിക്കേണ്ട ആവശ്യമില്ല' എന്നു ഒരുത്തൻ തർക്കിക്കുവാൻ ഭാവിച്ചാൽ മൂടുപടം ധരിക്കാതെയുള്ള ഒരു മര്യാദ അപ്പോസ്തലന്മാർക്കോ ദൈവസഭകൾക്കോ സ്വീകാര്യമല്ലെന്ന യാഥാർത്ഥ്യം അപ്പോസ്തലൻ ഊന്നിപ്പറയുകയാണ്. ഇതാണ് ദൈവശ്വാസീയമായ തിരുവെഴുത്തിന്റെ ഉപദേശം.

എന്നാൽ മൂടുപടം വിധേയത്വത്തിന്റെ പ്രതീകമാണെന്ന 'സഭാസത്യം' അംഗീകരിക്കുവാൻ പ്രൊഫ. പി.പി. സ്കറിയ തയ്യാറല്ല. പകരം തന്റെ ആഴമായ പഠനത്തെ സാധൂകരിക്കുവാൻ ബി.സി. 1450 - 1250 കാലഘട്ടത്തിൽ നിലവിലിരുന്ന അസീറിയൻ നിയമാവലിയേയും എബ്രായ തിരുവെഴുത്തുകളെയും കൂട്ടുപിടിച്ച് അപ്പോസ്തലിക ഉപദേശത്തിൽ മായം ചേർക്കുകയാണ്. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കൂ.....

**"മൂടുപടം അവർക്കു പുരുഷന്മാരെക്കാൾ താഴ്ന്ന ഒരു സ്ഥാനമാണ് ഉണ്ടായിരുന്നത് എന്നുള്ളതിന്റെ അടയാളമായിരുന്നില്ല. നേരെമറിച്ച്, മാന്യതയുടെയും ഉയർന്ന പദവിയുടെയും ഒരു ചിഹ്നം ആയിരുന്നു. പഴയനിയമത്തിൽ ഒരിടത്തും സ്ത്രീകൾ മൂടുപടം ധരിക്കണമെന്ന നിർദ്ദേശങ്ങൾ ഒന്നുമില്ല. എന്നാൽ യാദൃശ്ചികമായ ചില പരാമർശങ്ങളുടെ അടിസ്ഥാനത്തിൽചില**

**അനുമാനങ്ങളിൽ എത്താൻ കഴിയും. ഉദാഹരണമായി, അബ്രഹാം മിസ്രയീമിൽ ചെന്നപ്പോൾ തന്റെ ഭാര്യ സാറ സുന്ദരിയാണെന്ന് മിസ്രയീമ്യർ കണ്ടു എന്നു പറയുന്നതുകൊണ്ട്, ഇസ്ലാമിലെ സ്ത്രീകളെപ്പോലെ സാറ മൂടുപടം ധരിച്ചില്ല എന്നു മനസ്സിലാക്കാം. അതുപോലെ തന്നെ റിബേക്കാ മൂടുപടം ധരിച്ചിരുന്നു എങ്കിൽ അബ്രഹാമിന്റെ ദാസൻ കിണറ്റിന്നരികെ അവളെ കണ്ടപ്പോൾ അവൾ സുന്ദരിയാണെന്നു മനസ്സിലാക്കുകയില്ലായിരുന്നു. റാഹേൽ ലേയയേക്കാൾ സുന്ദരിയും മനോഹര രൂപിണിയും എന്നു യാക്കോബിനും മനസ്സിലാക്കുവാൻ കഴിഞ്ഞത് അവൾ മൂടുപടം ധരിക്കാതിരുന്നതുകൊണ്ടാണെന്നു അനുമാനിക്കുന്നതിൽ അപാകതയുണ്ടെന്നുതോന്നുന്നില്ല. (ജീവവചനം 2012 സെപ്തം 20)**

മൂടുപടം വിധേയത്വത്തിന്റെ പ്രതീകമായി അംഗീകരിച്ചാൽ പുരുഷന്റെ നായകത്വവും, സ്ത്രീയുടെ വിധേയത്വവും ദൈവീക ക്രമീകരണമാണെന്ന യാഥാർത്ഥ്യം കൂടി സ്കറിയ മാസ്റ്റർക്കു സമ്മതിക്കേണ്ടിവരും. അതിനു താൻ തയ്യാറല്ലാത്തതുകൊണ്ടാണ് അസീറിയൻ നിയമാവലിയേയും പഴയനിയമത്തെയും കൂട്ടുപിടിച്ച് "മൂടുപടം" തികച്ചും അപ്രധാനമായ ഒന്നാണെന്ന് സ്ഥാപിക്കുവാൻ തന്റെ ലേഖനത്തിലുടനീളം ശ്രമിക്കുന്നത്. മറ്റൊരു വസ്തുത കൂടെ ഇവിടെ ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. 1.കൊരിന്ത്യർ 11-ാം അദ്ധ്യായത്തിൽ പൗലോസ് "മൂടുപടം" എന്നു വിളിച്ചിരിക്കുന്നത് 'ശിരോവസ്ത്രത്തെയാണ്' (head covering). തല മറയ്ക്കുവാൻ ഉപയോഗിക്കുന്ന വസ്ത്രമാണ് വിവക്ഷ. അല്ലാതെ ഇസ്ലാമിലെ സ്ത്രീകൾ ധരിക്കുന്നതുപോലെ തലയും മുഖവും ആകമാനം മറയ്ക്കുന്ന ഒരു ആവരണമല്ല. സാമാന്യ ബുദ്ധിയിൽ മനസ്സിലാക്കുവാൻ സാധിക്കുന്ന ലളിതമായ ഒരു സത്യമാണത്. സാറയും റിബേക്കയും റാഹേലും മൂടുപടം ധരിക്കാതിരുന്നതുകൊണ്ടാണ് യഥാക്രമം മിസ്രയീമ്യർക്കും അബ്രഹാമിന്റെ ദാസനും യാക്കോബിനും അവർ സുന്ദരിമാരാണെന്ന് മനസ്സിലായത് എന്ന സ്കറിയ മാസ്റ്ററുടെ പ്രസ്താവനയിൽ ഒരു അപകടം പതിയിരിക്കുന്നുണ്ട്. ജീവവചനത്തിന്റെ തുടർന്നുള്ള പേജുകളിൽ പൗലോസ് മൂടുപടത്തിനു കൊടുത്തിരിക്കുന്ന അർത്ഥം തന്നെ സ്കറിയ മാസ്റ്റർ മാറ്റി എഴുതിയാൽ അതിൽ നാം അൽപം പോലും അതിശയിക്കേണ്ടതില്ല എന്ന് മുന്നമേ പറഞ്ഞു വയ്ക്കട്ടെ.

**<u>മൂടുപടം (ശിരോവസ്ത്രം) അനാവരണം ചെയ്യുന്ന ആത്മീക സത്യങ്ങൾ</u>**

സഭാകൂടിവരവുകളിൽ സ്ത്രീകൾക്കു പ്രാർത്ഥിക്കാമോ ? പ്രവചിക്കാമോ ? ഇത്യാദി സംഗതികൾ അല്ല 1.കൊരി.11: 3 മുതൽ 16 വരെയുള്ള ഭാഗങ്ങളിലെ പ്രതിപാദ്യവിഷയം, പ്രസ്തുത സ്ത്രീകൾ പ്രാർത്ഥിക്കുകയും പ്രവചിക്കുകയും ചെയ്യുമ്പോൾ മൂടുപടം ധരിക്കേണ്ടതിന്റെ ആവശ്യകതയാണ് അപ്പോസ്തലൻ ഊന്നിപ്പറയുന്നത്. അതായത്, ' മൂടുപട 'മാണ് ഈ ഭാഗത്തെ കേന്ദ്രവിഷയം. അതുകൊണ്ടു തന്നെ സഭാ കൂടിവരവുകളിലെ സ്ത്രീകളുടെ പ്രാർത്ഥനയും പ്രവചനവും ഈ വേദഭാഗത്തിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതല്ല. ഈ സത്യത്തെ സാധൂകരിക്കുവാൻ ചില തെളിവുകൾ കൂടെ നൽകുന്നു. നിങ്ങൾ തന്നെ വിധിക്കുവിൻ; സ്ത്രീ മൂടുപടം ഇടാതെ ദൈവത്തോടു പ്രാർത്ഥിക്കുന്നതു യോഗ്യമോ? 1 കൊരി 11: 13. ഈ വാക്യത്തിലെ ദൈവത്തോടുള്ള പ്രാർത്ഥന സഭായോഗത്തിലെ പ്രാർത്ഥനയായി പരിമിതപ്പെടുത്തുവാനുള്ള

ന്യായങ്ങൾ ഏതെല്ലാമാണെന്ന് 'ആഴമായ പഠനം' നടത്തിയവർ വ്യക്തമാക്കിയാൽ കൊള്ളാം. ദൈവസഭയുടെ അംഗമായ ഒരു സ്ത്രീ 'മൂടുപടം' ധരിക്കാതെ ദൈവത്തോട് പ്രാർത്ഥിക്കുന്നത് അയോഗ്യമാണെന്ന ആത്മീക സത്യമാണ് പൗലോസ് ഇവിടെ വ്യക്തമാക്കുന്നത് എന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്.

കൊരിന്ത് സഭാ കൂടിവരവുകളിലെ പ്രശ്നങ്ങൾ പൗലോസ് കൈകാര്യം ചെയ്യുന്നത് 11-ാം അദ്ധ്യായം 17 മുതൽ 14:39 വരെയുള്ള ഭാഗങ്ങളിലാണ്. ഈ ഭാഗങ്ങളിൽ വളരെ വ്യക്തമായി 7 പ്രാവശ്യം 'നിങ്ങൾ കൂടിവരുമ്പോൾ' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. (11 : 17,18,20, 33,34, 14:23,26) കർത്താവിന്റെ അത്താഴം, ആത്മീക വരങ്ങളുടെ ഉപയോഗം, (പ്രത്യേകാൽ പ്രവചനം, ഭാഷാവരം, വ്യാഖ്യാനവരം), സ്തോത്രം ചെയ്യൽ (14:16,17) തുടങ്ങിയവയുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകളാണ് സഭാ കൂടിവരവുകളിൽ നേരിട്ടത്. ഈ പ്രശ്നങ്ങൾക്കെല്ലാം വ്യക്തമായ പരിഹാരം നിർദ്ദേശിക്കുന്ന അപ്പോസ്തലൻ, "വിശുദ്ധന്മാരുടെ സർവസഭകളിലും എന്ന പോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ.ന്യായപ്രമാണം പറയുന്നതുപോലെ കീഴടങ്ങിയിരിക്കുവാനല്ലാതെ സംസാരിക്കുവാൻഅവർക്കു അനുവാദമില്ല" (14 : 34) എന്ന് ആത്മാവിനാൽ നിയന്ത്രിക്കപ്പെട്ടവനായി രേഖപ്പെടുത്തുമ്പോൾ ആത്മാധിവാസം ഉള്ളവർക്ക് ഈ സത്യത്തെ അവഗണിക്കാനാവുമോ ?

തൽക്കാലം നമുക്ക് മൂടുപടം അനാവരണം ചെയ്യുന്ന ആത്മീക സത്യങ്ങളിലേക്കു മടങ്ങി വരാം. നമ്മുടെ ചിന്താവിഷയമായ വേദഭാഗത്തു രണ്ടു വിധത്തിലുള്ള മൂടുപടങ്ങളെപ്പറ്റി പൗലോസ് പ്രതിപാദിക്കുന്നുണ്ട്. 15-ാം വാക്യം ശ്രദ്ധിക്കുക...

"സ്ത്രീ മുടി നീട്ടിയാലോ അതു മൂടുപടത്തിനു പകരം നൽകിയിരിക്കുകകൊണ്ട് അവൾക്കു മാനംആകുന്നു എന്ന് പ്രകൃതി തന്നെ നിങ്ങളെ പഠിപ്പിക്കുന്നില്ലയോ ?"'നീണ്ടമുടി മൂടുപടത്തിനു പകരം നൽകിയിരിക്കുന്നു' എന്ന ഭാഷാന്തരം തെറ്റിദ്ധരിക്കപ്പെടുവാൻ സാദ്ധ്യതയുണ്ട്, "for her hair is given to her for a covering" (NASB) എന്നാണ് ഇംഗ്ലീഷിൽ. നീണ്ട മുടി മൂടുപടമായി നൽകിയിരിക്കുന്നു എന്നാണ് അർത്ഥം. അതായത്, നീണ്ടമുടി സ്ത്രീകളുടെ സ്വാഭാവിക മൂടുപടമാണ്. മറ്റൊന്നു മന:പ്പൂർവമായി ധരിക്കേണ്ട അൂടുപടമാണ് (11.5). പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുന്ന സ്ത്രീ മൂടുപടം ധരിക്കേണം എന്നു പറയുമ്പോൾ, സ്വാഭാവിക മൂടുപടത്തിൽ നിന്നു വത്യസ്തമായി മറ്റൊരു മൂടുപടമാണ് പരാമർശം. നീണ്ടമുടി മൂടുപടത്തിനു പകരമായി നൽകിയിരിക്കുന്നതു കൊണ്ട്, മറ്റൊരു മൂടുപടം അതിന്മീതെ ധരിക്കേണ്ടആവശ്യമില്ല എന്ന് ആരെങ്കിലും ശഠിക്കുന്നു എങ്കിൽ അങ്ങനെയുള്ളവർക്ക് അപ്പോസ്തലൻ നൽകുന്ന മറുപടി ശ്രദ്ധിക്കുക.....

"സ്ത്രീ മൂടുപടം ഇടുന്നില്ലെങ്കിൽ മുടി കത്രിച്ചു കളയട്ടെ, കത്രിക്കുന്നതോ ക്ഷൗരം ചെയ്യിക്കുന്നതോ സ്ത്രീക്കു ലജ്ജ എങ്കിൽ മൂടുപടം ഇട്ടുകൊള്ളട്ടെ." 1.കൊരി.11:6

മന:പ്പൂർവമായി ധരിക്കേണ്ട മൂടുപടം ഇടുന്നില്ലെങ്കിൽ സ്വാഭാവിക മൂടുപടമായ നീണ്ടമുടി കൂടെ കത്രിച്ചു കളയുവാനോ വടിച്ചു കളയുവാനോ (..........to have her hair cut off or her head shaved ) ആണ് താൻ

ആവശ്യപ്പെടുന്നത്. അർത്ഥാൽ, സ്ത്രീയ്ക്കു തലമേൽ രണ്ടു വിധത്തിലുള്ള മൂടുപടവും അത്യന്താപേക്ഷിതമാണ്.

നീണ്ടമുടി എന്ന സ്വാഭാവിക മൂടുപടം നൽകിയതിലൂടെ പ്രകൃതി പഠിപ്പിക്കുന്ന പാഠം സ്ത്രീയ്ക്കു മൂടുപടം ആവശ്യമാണെന്നു തന്നെയാണ്. അതായത്, അവൾ വിധേയപ്പെട്ടിരിക്കേണ്ടവളാണെന്ന സത്യം പ്രകൃതി തന്നെ നമ്മെ പഠിപ്പിക്കുന്നു. മാത്രമല്ല, ഈ സ്വാഭാവിക മൂടുപടത്തെ അവളുടെ മാനം അഥവാ തേജസ് (glory) എന്നാണ് വിളിച്ചിരിക്കുന്നത്. മനഃപ്പൂർവമായി ധരിക്കേണ്ട മൂടുപടത്തെ 'വിധേയത്വത്തിന്റെ പ്രതീക'മെന്നു തിരുവെഴുത്തു വിളിക്കുമ്പോൾ മൂടുപടമായി നൽകിയിരിക്കുന്ന സ്ത്രീയുടെ തേജസ്സാകുന്ന നീണ്ടമുടി തങ്ങളുടെ സ്വാഭാവിക വിധേയത്വത്തെ, സൃഷ്ടിപ്പിൽ ദൈവം താൻ തന്നെ വച്ചിരിക്കുന്ന ദിവ്യമായ ക്രമത്തെയാണ് വെളിപ്പെടുത്തുന്നത്. സ്വാഭാവികവും മനപ്പൂർവവുമായിരിക്കുന്ന വിധേയത്വം സ്ത്രീകൾക്ക് ഉണ്ടായിരിക്കണം എന്ന വസ്തുത അർത്ഥ ശങ്കയ്ക്കിടയില്ലാതവണ്ണം വചനം വ്യക്തമാക്കുന്നു. ഇവിടെ മറ്റൊരു യാഥാർത്ഥ്യം കൂടെ അനുവാചകരുടെ ശ്രദ്ധയിലേക്കു കൊണ്ടുവരുവാൻ താൽപര്യപ്പെടുകയാണ്. നീണ്ടമുടി സ്ത്രീയുടെ തേജസും സ്വാഭാവിക വിധേയത്വത്തെ വെളിപ്പെടുത്തുന്ന മൂടുപടവുമാകയാൽ, നീണ്ടമുടി കത്രിച്ചു ചെറുതാക്കി ലോകാനുരൂപമായി ഓടിക്കൊണ്ടിരിക്കുന്ന സഹോദരിമാർ ദൈവീക കോടതിയിൽ കണക്കു പറയേണ്ടി വരും എന്നതിനു സംശയമില്ല.

# V

## മൂടുപടം

അഥവാ ശിരോവസ്ത്രം എന്ന വിഷയത്തോടുള്ള ബന്ധത്തിൽ ക്രിസ്തീയ സഹോദരിമാരെ മൂന്നു ഗണത്തിൽ പെടുത്താം . ഒന്നാമതായി, ഈ വിഷയത്തോടുള്ള ബന്ധത്തിൽ തിരുവെഴുത്തു പറയുന്ന പ്രമാണങ്ങളെക്കുറിച്ചു അറിവില്ലാത്തവരെങ്കിലും ശരിയായ കാര്യങ്ങളെ പറഞ്ഞു കൊടുത്താൽ സ്വീകരിക്കുവാൻ മനസ്സൊരുക്കമുള്ളവർ (Teachable). രണ്ടാമതായി, തിരുവെഴുത്ത് എന്തു പഠിപ്പിക്കുന്നു എന്നു ബോധ്യമുണ്ടായിട്ടും വേണ്ടത്ര ഗൗരവം കൊടുക്കാത്തവർ (neglect).മൂന്നാമതായി, തിരുവെഴുത്തിന്റെ പഠിപ്പിക്കലുകളിൽ വിശ്വസിക്കാത്തവരും അറിഞ്ഞാൽ തന്നെയും അനുസരിക്കാത്തവർ (Rebellious). എന്നാൽ വചനം പ്രമാണിക്കുന്നവരിൽ ബഹുഭൂരിപക്ഷവും വചനത്തിൽ അപ്രകാരം പറഞ്ഞിരിക്കുന്നു എന്ന കാരണത്താൽ മാത്രം അനുസരിക്കുന്നവരാണ്. തികച്ചും ആത്മീകമായ ഒരു കാഴ്ചപ്പാടായി പ്രഥമദൃഷ്ട്യാ അതിനെ വിലയിരുത്താമെങ്കിലും, സൂക്ഷ്മമായ പരിശോധനയ്ക്കു വിധേയമാക്കുമ്പോൾ ആ ചിന്താഗതിയിൽ ചില അപകടങ്ങൾ ഉണ്ട് എന്നത് സുവ്യക്തമാണ്. വചനം അപ്രകാരം കൽപ്പിക്കുന്നു എന്ന കാരണത്താൽ മാത്രം ഒരുവൻ അനുസരിക്കുമ്പോൾ തനതായ ആത്മിക സന്തോഷം അനുഭവിക്കുവാൻ ആ വ്യക്തിയ്ക്കു കഴിയുകയില്ല. മാത്രമല്ല, കാലക്രമേണ മാറിമറിയുന്ന ജീവിത സാഹചര്യങ്ങൾക്ക് അനുസരിച്ചു നിലപാടുകളിൽ മാറ്റം വരുത്തുവാൻ, ഒരു പക്ഷെ താൻ നിർബന്ധിതനായേക്കാം. പല ഉപദേശ വിഷയങ്ങളിലും പ്രമാണങ്ങളെക്കാൾ പ്രായോഗികതയ്ക്കു ഊന്നൽ നൽകുവാനുള്ളഒരു പ്രവണത നമ്മുടെ ഇടയിൽ പ്രബലപ്പെട്ടുവരുന്നതിനുള്ള ഒരു കാരണം ഇതാണ്.എന്നാൽ തിരുവെഴുത്തിലെ ഒരു പ്രമാണം അതിന്റെ ആത്മീക പ്രാധാന്യവും അർത്ഥവും നൽകപ്പെട്ടതിന്റെ ഉദ്ദേശ്യവും യഥാർത്ഥമായി ഗ്രഹിച്ച് ഒരുവൻ അനുസരിക്കുമ്പോൾ തനതായ ആത്മീക സന്തോഷം അനുഭവിക്കുവാനും മാറിമറിയുന്ന ഏതു ജീവിത സാഹചര്യങ്ങളിലും തിരുവെഴുത്തിനോട് കൂറു പ്രകടിപ്പിക്കുവാനും തനിക്കു യഥേഷ്ടം സാധിക്കും. മൂടുപടം അനാവരണം ചെയ്യുന്ന ചില പ്രധാന ആത്മീക സത്യങ്ങൾ കൂടെ ചൂണ്ടിക്കാണിച്ചു മറ്റു വിഷയങ്ങളിലേക്കു പ്രവേശിക്കുവാൻ താൽപര്യപ്പെടുകയാണ്.

1കൊരി. 11: 3-16 വാക്യങ്ങളിൽ സ്ത്രീകൾ മൂടുപടം ധരിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്ന മൂന്നു വസ്തുതകൾ വിശുദ്ധപൗലോസ് വ്യക്തമാക്കുന്നുണ്ടങ്ങ്.

A. 1.കൊരി. 11:7 "………**സ്ത്രീയോ, പുരുഷന്റെ തേജസ്സാകുന്നു.?**
സ്ത്രീ പുരുഷന്റെ തേജസ്സായതിനാൽ മൂടുപടം ധരിക്കണം. അർത്ഥാൽ

ആത്മീക ശുശ്രൂഷകളിൽ പുരുഷന്റെ തേജസ്സ് വെളിപ്പെടുവാൻ പാടില്ല."

B. 1.കൊരി.11:5. **"....... സ്ത്രീ മുടി നീട്ടിയാലോ .......അവൾക്കു മാനം (Glory – തേജസ്സ്) ആകുന്നു......."**

നീണ്ടമുടി സ്ത്രീയുടെ തേജസ്സായതിനാൽ സ്ത്രീ മൂടുപടം ധരിക്കേണം. അർത്ഥാൽ ആത്മീക ശുശ്രൂഷകളിൽ സ്ത്രീയുടെ തേജസ്സ് വെളിപ്പെടുവാൻ പാടില്ല.

C. 1 കൊരി.11:10. **"......സ്ത്രീയ്ക്കു ദൂതന്മാർ നിമിത്തം തലമേൽ അധീനതാ ലക്ഷ്യം ഉണ്ടണ്ടായിരിക്കണം."**

മൂടുപടം വിധേയത്വത്തിന്റെ പ്രതീകമായതിനാൽ സ്ത്രീ ധരിക്കണം. തന്മൂലം സഭയ്ക്കു ക്രിസ്തുവിനോടുള്ള വിധേയത്വവും (ദൂതന്മാർ നിമിത്തം- എന്ന പ്രയോഗം കുറിക്കൊള്ളുക) സ്ത്രീയുടെ മേലുള്ള പുരുഷന്റെ ആത്മീക അധികാരവും ( സ്ത്രീയുടെ തല പുരുഷൻ, 11:3 ) വെളിപ്പെടുന്നു.

ആത്മീക കൂടിവരവുകളിൽ, പുരുഷന്റെയും സ്ത്രീയുടെയും തേജസ് മറയ്ക്കുകയും സഭയ്ക്കു ക്രിസ്തുവിനോടുള്ള വിധേയത്വം വെളിപ്പെടുത്തുകയും ചെയ്യുക എന്ന വലിയ ഉത്തരവാദിത്വമാണ് മൂടുപടം ധരിക്കുന്നതിലൂടെ സ്ത്രീകൾ നിറവേറ്റുന്നത്. എത്ര ശ്രേഷ്ഠതയേറിയ അനുഭവം! അതുപോലെ ദൈവത്തിന്റെ തേജസും, ക്രിസ്തുവിന്റെ നായകത്വവും, ആത്മീക കൂടിവരവുകളിൽ വെളിപ്പെടുത്തുക എന്ന വലിയ ഉത്തരവാദിത്വമാണ് പുരുഷനു നിറവേറ്റാനുള്ളത്. കാരണം, പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസുമാണ്. (11:7) മാത്രമല്ല, ക്രിസ്തുവാണ് പുരുഷന്റെ തല (11:3) ആയതിനാൽ താൻ മൂടുപടം ധരിക്കുവാൻ പാടുള്ളതല്ല. (11:7) വിശദമാക്കിയാൽ ആത്മീക കൂടിവരുവുകളിൽ ക്രിസ്തുവാണ് അനാവരണം ചെയ്യപ്പെടേണ്ടത് എന്ന് പുരുഷന്റെ മറയ്ക്കപ്പെടാത്ത തല പഠിപ്പിക്കുന്നു.

"എന്നാൽ ഏതു പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു" (1 കൊരി11:3). ഇവിടെ പുരുഷനെയും, ക്രിസ്തുവിനെയും, ദൈവത്തെയും തല എന്നു വിശേഷിപ്പിക്കുകയും സ്ത്രീയെ അപ്രകാരം വിശേഷിപ്പിക്കാതിരിക്കുകയും ചെയ്യുമ്പോൾ പുരുഷന്റെ നായകത്വം സുസ്ഥിരവും ദൈവസ്ഥാപിതവുമാണ് എന്ന് വ്യക്തമാക്കപ്പെടുകയാണ്. (പ്രൊഫ. പി.പി. സ്കറിയയും, സഹോദരൻ വി.എം. ജോൺ ചേത്തയ്ക്കലും ദയവായി ഇനിയും കണ്ണടച്ച് ഇരുട്ടാക്കരുതെന്ന് ദൈവനാമത്തിൽ അപേക്ഷിക്കുന്നു.) സ്ത്രീ പുരുഷന്റെ ആത്മീക അധികാരത്തിൻ കീഴിലായതിനാലാണ് പുരുഷന്റെ സാന്നിദ്ധ്യമുള്ള ആത്മീക കൂടിവരവുകളിൽ ചില ശുശ്രൂഷകളിൽ സ്ത്രീകൾക്കു നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതും പുരുഷന്റെ മേൽ അധികാരം നടത്തുവാൻ അവരെ അനുവദിക്കാത്തതും. ഈ വിഷയങ്ങളാണ് നാം തുടർന്നു ചിന്തിക്കുന്നത്. അതിനു മുമ്പായി പ്രസ്തുത വിഷയ സംബന്ധമായി സ്കറിയ മാസ്റ്ററുടെയും സഹോ.വി.എം.ജോൺ ചേത്തയ്ക്കലിന്റെയും ഉപദേശങ്ങൾ നമുക്ക് പരിശോധിക്കാം.

"വിശുദ്ധന്മാരുടെ സർവസഭകളിലും എന്നപോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ; ന്യായപ്രമാണവും പറയുന്നതുപോലെ

കീഴടങ്ങിയിരിക്കുവാനല്ലാതെ സംസാരിക്കുവാൻ അവർക്കു അധികാരമില്ല. അവർ വല്ലതും പഠിക്കുവാൻ ഇച്ഛിക്കുന്നു എങ്കിൽ വീട്ടിൽ വച്ച് ഭർത്താക്കന്മാരോട് ചോദിച്ചുകൊള്ളട്ടെ; സ്ത്രീ സഭയിൽ സംസാരിക്കുന്നതു അനുചിതമല്ലോ.!" (1 കൊരി.14:34,35).

ഈ വേദഭാഗത്തിനു സഹോദരൻ വി.എം. ജോൺ ചേത്തയ്ക്കൽ നൽകുന്ന ചില വിചിത്രമായ വ്യാഖ്യാനങ്ങൾ ശ്രദ്ധിക്കുക.........

**"സഭയിൽ നടക്കുന്ന ചർച്ചകൾ ഗ്രഹിച്ചുകൊണ്ടിരിക്കുന്ന സ്ത്രീകളിൽ ചിലർ തങ്ങളുടെ ഭർത്താക്കന്മാരോട് വഴക്കിടുകയും അവരോട് പല കാര്യങ്ങളും വിശദീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. അങ്ങനെ സ്ത്രീകൾ വേണ്ടാത്ത കാര്യങ്ങളിൽ ഇടപെടുകയും അന്തരീക്ഷത്തെ ശബ്ദമുഖരിതമാക്കുകയും ചെയ്തു. പലപ്പോഴും ശബ്ദകോലാഹലം തന്നെ അവിടെ ഉണ്ടായിക്കൊണ്ടിരുന്നു. ഇങ്ങനെയുള്ള പ്രത്യേക സാഹചര്യത്തിലാണ് ആ ആരാധനയ്ക്കു കൂടിവരുന്ന സ്ത്രീകൾ എപ്രകാരം പെരുമാറണമെന്ന് പൗലോസ് നിർദ്ദേശങ്ങൾ നൽകിയത്."**
**(ജീവവചനം 2012 ആഗസ്റ്റ് 14).**

**......പൗലോസിന്റെ കാലഘട്ടത്തിൽ തങ്ങൾക്കു തക്കതായ പരിശീലനവും യോഗ്യതയും ലഭിക്കാത്ത കാര്യങ്ങളെക്കുറിച്ച് ഒരു കൂട്ടം വിദ്യാസമ്പന്നരല്ലാത്ത സംസ്കാരമില്ലാത്ത സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരോട് ആരാധനാലയത്തിന്റെ പിൻഭാഗത്തിരുന്നുകൊണ്ട് ഉച്ചത്തിൽ ചർച്ച ചെയ്തതുകാരണം പൗലോസ് നൽകിയ രണ്ടു നിർദ്ദേശങ്ങളെയും ഇന്നത്തെ അന്തസും ആഭിജാത്യവും വിദ്യാഭ്യാസവും യോഗ്യതയും ഉള്ള ക്രിസ്തീയ സ്ത്രീകൾ ഇന്നും പിൻതുടർന്നു അതിവിശുദ്ധ സ്ഥലത്തു നിശബ്ദരായി ഇരുത്തുന്നത് പൗലോസ് ഉദ്ദേശിച്ച കാര്യത്തിനു വിരുദ്ധമാണ്.**
**(ജീവവചനം 2012 ഒക്ടോബർ 20).**

ഒരു പ്രതിവാദം പറയുവാൻ തക്ക നിലയിൽ, ശരാശരി നിലവാരം പോലുമില്ലാത്ത ഭാവനാത്മക ചിന്തകളാണ് വ്യാഖ്യാനം എന്ന പേരിൽ പ്രീയ സഹോദരൻ എഴുതിപ്പിടിപ്പിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള പേന ഉന്തലുകളിൽ അച്ചടിമഷി പുരട്ടുവാൻ നമ്മുടെ ഇടയിൽ മാസികകളും പത്രങ്ങളും ഉണ്ടെന്നുള്ളത് തികച്ചും വിരോധാഭാസം തന്നെ. തന്റെ വാക്കുകളെയും, വ്യാഖ്യാനങ്ങളെയും ഒരു പോസ്റ്റുമാർട്ടത്തിനു വിധേയമാക്കി പത്രാധിപർക്കു ധനനഷ്ടവും അനുവാചകർക്കു സമയനഷ്ടവും ഉണ്ടാക്കുവാൻ തൽക്കാലം താൽപര്യപ്പെടാതെ ഈ വിഷയസംബന്ധമായി തിരുവെഴുത്തു എന്തു പറയുന്നു എന്നു വ്യക്തമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

# VI

## 1 കൊരി. 14:34,35

വാക്യങ്ങൾക്ക് സഹോദരൻ വി.എം.ജോൺ ചേത്തയ്ക്കൽ നൽകിയ വിചിത്രമായ ചില വ്യാഖ്യാനങ്ങൾ നാം ശ്രദ്ധിച്ചുവല്ലോ. ഇനി ഈ വിഷയ സംബന്ധമായി പ്രൊഫ. പി.പി.സ്കറിയയുടെ ആശയങ്ങൾ ശ്രദ്ധിക്കാം.

**പുതിയ നിയമ സഭായോഗങ്ങളിൽ സ്ത്രീകൾ സംസാരിക്കുന്നതിനെ വിലക്കിക്കൊണ്ട് പൗലോസ് എഴുതുമ്പോൾ ന്യായപ്രമാണത്തെ ഉദ്ധരിക്കുന്നുണ്ട്. 1 കൊരി. 14:34 ഇപ്രകാരം പറയുന്നു. "ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്കു അനുവാദമില്ല." ഈ വാക്യത്തിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കണമെങ്കിൽ ന്യായപ്രമാണത്തിൻ കീഴിലുള്ള സ്ത്രീകളെക്കുറിച്ച് ഒരുപഠനം അനിവാര്യമാണ്. ന്യായപ്രമാണത്തിൽ സ്ത്രീ സംസാരിക്കരുത് എന്നു പറയുന്ന ഒരു വാക്യവുമില്ല. .......ന്യായപ്രമാണകാലത്ത് സ്ത്രീകൾ കീഴ്പ്പെട്ടിരിക്കുമ്പോൾ തന്നെ പാടുകയും പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. അതും പുരുഷന്മാരുടെ സാന്നിദ്ധ്യത്തിൽ. കീഴ്പ്പെട്ടിരിക്കലും സംസാരിക്കലും പരസ്പരവിരുദ്ധമല്ല. ഭാര്യ ഭർത്താവിനു കീഴ്പ്പെട്ടിരിക്കുമ്പോൾ അവൾ ഒന്നും സംസാരിക്കാതെ മൗനമായിട്ട് ഇരിക്കുകയാണോ ? സാറ അബ്രഹാമിനെ യജമാനൻ എന്നു വിളിച്ച് കീഴടങ്ങി അനുസരിച്ചു എന്നു പത്രോസിന്റെ ലേഖനത്തിൽ ഉണ്ട്. വാസ്തവത്തിൽ സാറ മൗനമായിരുന്ന ഒരു സ്ത്രീയായിരുന്നുവോ ? അബ്രഹാം ദാസിയായ ഹാഗാറിന്റെ അടുക്കൽ ചെല്ലുവാൻപറഞ്ഞത് സാറ ആയിരുന്നു....... ഇതിൽ നിന്നും വളരെ വ്യക്തമായും മനസ്സിലാകുന്നത്, കീഴ്പ്പെട്ടിരിക്കുക എന്നു പറഞ്ഞാൽ ഒന്നും മിണ്ടാതെ മൗനം പാലിക്കുക എന്നല്ല. ന്യായപ്രമാണ കാലത്തും സ്ത്രീകൾ ചില സന്ദർഭങ്ങളിൽ പുരുഷന്മാരുടെമദ്ധ്യേ സംസാരിച്ചതായും നേതൃത്വംവഹിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. (ജീവവചനം 2012 നവംബർ 25)**

ഉയർന്ന അക്കാദമിക് നിലവാരം പുലർത്തുന്ന സ്കറിയ മാസ്റ്റർക്ക് തിരുവചന വ്യാഖ്യാനത്തിൽ ചുവടു പിഴച്ചു തുടങ്ങിയിരിക്കുന്നു എന്നു വ്യക്തമാക്കുന്ന നിലയിലുള്ളതാണ് അദ്ദേഹത്തിന്റെ വാക്കുകൾ. നമുക്ക് തിരുവെഴുത്തിന്റെ ഉപദേശം ശ്രദ്ധിക്കാം.

**'ന്യായപ്രമാണവും പറയുന്നതുപോലെ.'**

'വിശുദ്ധന്മാരുടെ സർവസഭകളിലും എന്നപോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ. ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിക്കുവാനല്ലാതെ സംസാരിക്കുവാൻ അവർക്കു അനുവാദമില്ല.' (1 കൊരി. 14:34) 'ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിക്കുവാനല്ലാതെ സംസാരിക്കുവാൻ അവർക്കു അനുവാദമില്ല' എന്ന

പ്രസ്താവന പ്രത്യേകം പഠനവിധേയമാക്കുവാൻ ആവശ്യമുണ്ട്. കാരണം, 'സ്ത്രീകൾ കീഴ്പ്പെട്ടിരിക്കണം' എന്നു നിർദ്ദേശിക്കുന്ന ന്യായപ്രമാണം അതിനോട് ചേർത്ത് "സ്ത്രീകൾ നിശബ്ദരായിരിക്കണം" എന്നു ഒരു നിബന്ധന വയ്ക്കുന്നില്ല. വിശദമാക്കിയാൽ 'സ്ത്രീകൾ കീഴടങ്ങിയിരിക്കണ'മെന്നാണ് ന്യായപ്രമാണത്തിന്റെ ഉപദേശം. 'മൗനമായിരിക്കണം' എന്നല്ല. 'സ്ത്രീകൾ മൗനമായിരിക്കണം' എന്നത് പുതിയനിയമ ഉപദേശമാണ്. ഏതെങ്കിലും വിഷയം പഴയനിയമത്തെ ഉദ്ധരിച്ച് വിശദീകരിക്കുവാൻ പൗലോസ് ശ്രമിക്കുമ്പോൾ താൻ ഉദ്ദേശിക്കുന്ന വേദഭാഗമോ, വാക്യമോ പഴയനിയമത്തിൽ നിന്നും ഉദ്ധരണിയായി സാധാരണ നൽകാറുണ്ട്. എന്നാൽ ഇവിടെ ന്യായപ്രമാണവും പറയുന്നതുപോലെ 'സ്ത്രീകൾ കീഴടങ്ങിയിരിക്കണ'മെന്ന് പൗലോസ് നിർദ്ദേശിക്കുമ്പോൾ പതിവിനുവിപരീതമായി, ഉദ്ധരണിയായി ഏതെങ്കിലും വേദഭാഗമോ വാക്യമോ താൻ ന്യായപ്രമാണത്തിൽ നിന്നും നൽകുന്നില്ല. ഏതെങ്കിലും പ്രത്യേക വേദഭാഗത്തിന്റെയോ, വാക്യത്തിന്റെയോ അടിസ്ഥാനത്തിലല്ല പ്രത്യുത ന്യായപ്രമാണത്തിന്റെ പൊതുവായ ഉപദേശം എന്ന നിലയിലാണ് 'സ്ത്രീകൾ കീഴടങ്ങിയിരിക്കണം' എന്ന സത്യം പൗലോസ് ഇവിടെ അവതരിപ്പിക്കുന്നത്. ചിലരെങ്കിലും കരുതുന്നതുപോലെ ഉത്പത്തി 3.16 അല്ല ഇവിടത്തെ പരാമർശവിഷയം. മനുഷ്യന്റെ സൃഷ്ടിപ്പു മുതൽ ഇങ്ങോട്ട് പുരുഷന്റെ നായകത്വവും സ്ത്രീയുടെ വിധേയത്വവും ദൈവീക ക്രമീകരണമായിട്ടാണ് തിരുവെഴുത്ത് പഠിപ്പിക്കുന്നത്. മനുഷ്യന്റെ വീഴ്ചയ്ക്കു മുമ്പുള്ള സ്ത്രീയുടെ സ്വാഭാവിക വിധേയത്വവും, മനുഷ്യന്റെ വീഴ്ചയ്ക്കുശേഷം സ്ത്രീയ്ക്കു ആവശ്യമായി വന്ന മനപ്പൂർവമായ വിധേയത്വവും ന്യായപ്രമാണ പുസ്തകങ്ങളിൽ പോലും തെളിവായി കാണാവുന്നതാണ്.

എന്നാൽ സഭാകൂടിവരവുകളിൽ ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിക്കുവാൻ പൗലോസ് ആവശ്യപ്പെടുമ്പോൾ, അതോടു ചേർത്തു സംസാരസംബന്ധിയായ ഒരു നിയന്ത്രണവും ഏർപ്പെടുത്തുകയാണ്. മുകളിൽ ഉദ്ധരിച്ച വേദഭാഗത്തിന്റെ ആംഗലേയ പരിഭാഷ ശ്രദ്ധിക്കുക. 'The women are to keep silent in the churches; for they are not permitted to speak, but are to subject themselves, just as the law also says' (NASB).

'സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ,' 'സംസാരിക്കുവാൻ അവർക്കു അനുവാദമില്ല'. എന്നീ രണ്ടു നിർദ്ദേശങ്ങൾ നൽകിയതിനു ശേഷമാണ്, 'ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിക്കണ'മെന്ന് പൗലോസ് ആവശ്യപ്പെടുന്നത്. അതായത്, സഭാകൂടിവരവുകളിൽ മൗനമായി ഇരിക്കലും വിധേയത്വവും തമ്മിൽ ബന്ധമുണ്ട്. ഒന്നുകൂടി വ്യക്തമാക്കിയാൽ സ്ത്രീകളുടെ വിധേയത്വം സഭാകൂടിവരവുകളിൽ പ്രകടമാക്കുവാൻ ദൈവവചനം വയ്ക്കുന്ന ഒരു നിബന്ധനയാണ് അവരുടെ 'നിശബ്ദത.'

സ്ത്രീ ജനങ്ങളുടെ വിധേയത്വത്തിന്റെ പ്രദർശനമായി അവരുടെ 'നിശബ്ദത' ന്യായപ്രമാണം ആവശ്യപ്പെടുന്നില്ല എന്നതുപോലെ തന്നെ, ക്രിസ്തീയ കുടുംബങ്ങളോടുള്ള ബന്ധത്തിൽ 'ഭാര്യമാരേ, ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിപ്പിൻ.' (എഫെസ്യർ. 5:22) എന്നു കൽപ്പിക്കുമ്പോഴും, ആ കീഴ്പ്പെടലിനെ നിശബ്ദതയിലൂടെ പ്രതിഫലിപ്പിക്കുവാൻ വചനം

ആവശ്യപ്പെടുന്നില്ല. അങ്ങനെയെങ്കിൽ വിധേയത്വത്തിന്റെ പ്രദർശനമായി 'നിശബ്ദത' സ്ത്രീകളോടു ദൈവവചനം ആവശ്യപ്പെടുന്നത് സഭാകൂടിവരവുകളിൽ മാത്രമാണ്. കൊരിന്തിലെ പ്രാദേശികവും, സാംസ്കാരികവുമായ എന്തെങ്കിലും കാരണങ്ങളാലോ അല്ലെങ്കിൽ പ്രയോജനപ്രദവും ആത്മീകവർദ്ധന വരുത്തുന്നതുമായ യാതൊന്നും സ്ത്രീകൾക്കു സംസാരിക്കുവാനില്ലാത്തതുകൊണ്ടോ അല്ല മൗനമായിരിക്കുവാൻ ദൈവം അവരോട് ആവശ്യപ്പെടുന്നത്. സ്ത്രീകളുടെ വിധേയത്വം സഭാകൂടിവരുവുകളിൽ വെളിപ്പെടുത്തുവാൻ ദൈവം വച്ചിരിക്കുന്ന ഒരു മാർഗ്ഗമായിട്ടാണ് നാം അതിനെ മനസ്സിലാക്കേണ്ടത്. വിശുദ്ധന്മാരുടെ സർവസഭകളിലും തുടർന്നു വരുന്ന മര്യാദയും ഇതു തന്നെയാണ്. സത്യം ഇതായിരിക്കെ ദൈവസഭയുടെ ഉപദേശം (?) സ്ഥാപിക്കുവാൻ പുതിയനിയമ പ്രമാണങ്ങളെ അവഗണിച്ച് പഴയനിയമ കാലഘട്ടത്തിൽ സാറ മിണ്ടിയതും അബ്രഹാം മിണ്ടാതിരുന്നതും ഹുൽദാ പ്രവചിച്ചതും ദബോറ നയിച്ചതുമായ സംഭവങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് വാസ്തവത്തിൽ ഒരു 'ഗതികേട്' തന്നെയാണ്.

# VII

## ‘വിശുദ്ധന്മാരുടെ

സർവസഭകളിലും എന്നപോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ. ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിക്കുവാനല്ലാതെ സംസാരിക്കുവാൻ അവർക്കു അനുവാദമില്ല.’ (1 കൊരി. 14: 34)

‘സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ’എന്ന കൽപനയെ ‘സംസാരിക്കുവാൻ അവർക്കു അനുവാദമില്ല’എന്ന പ്രസ്താവനയിലൂടെ അപ്പോസ്തലൻ കൂടുതൽ ശക്തിപ്പെടുത്തുകയാണ്. എന്നാൽ, ‘സ്വമത സ്ഥാപനം’ ലക്ഷ്യമിടുന്നവർ വളരെ രസകരമായ രീതിയിലാണ് ഈ ഭാഗത്തെ വ്യാഖ്യാനിക്കാറുള്ളത്. ഉദാഹരണമായി പെന്തക്കോസ്തു വിഭാഗങ്ങളിൽപെടുന്നവർ ‘സംസാരിക്കുക’ എന്നതിനു ഇവിടെ ഉപയോഗിച്ചിരിക്കുന്ന LALEO (ലാലിയോ) എന്ന ഗ്രീക്കു പദത്തിനു ‘ചിലെക്കുക’ (CHATTER) എന്ന അർത്ഥമാണ് കൊടുക്കാറുള്ളത്. ഇങ്ങനെ ഒരർത്ഥം നൽകുന്നതിലൂടെ ‘സ്ത്രീകൾ സഭായോഗങ്ങളിൽ പ്രയോജന രഹിതമായ സംസാരം ഒഴിവാക്കുക’ എന്നാണ് ‘മിണ്ടാതിരിക്കുക’ എന്ന കൽപ്പനയിലൂടെ ദൈവാത്മാവ് ഉദ്ദേശിക്കുന്നത് എന്ന് അവർ സ്ഥാപിക്കുന്നു. ഈ ചിന്താഗതിയ്ക്കു സമാനമായ ആശയം തന്നെയാണ് സഹോദരൻ വി.എം. ജോൺ ചേത്തയ്ക്കലിന്റെയും; അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കൂ....

**‘സംസാരിക്കുക’ എന്നവാക്കിനു ‘ലാലിയോ’ (LALEO) എന്ന ഗ്രീക്കു പദമാണ്. ഇതിന് അർത്ഥം ശബ്ദായമാനം, ഉച്ചത്തിലുള്ള പ്രസംഗം, പ്രൗഢി കാണിക്കുക എന്നിവയാണ്. ഉദാ: മുറിയുടെ ഒരറ്റത്തിരിക്കുന്ന ഒരാളോട് ‘അന്തസും ബഹുമാനവും ഇല്ലാതെ വിളിച്ചു പറയുക’**
**(ജീവവചനം 2012 ഏപ്രിൽ 29)**

1 കൊരി 14 -ാം അദ്ധ്യായം ശരിയായി പഠനവിധേയമാക്കുമ്പോൾ മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വ്യാഖ്യാനങ്ങൾ മുഴുവനും ദുരുപദേശം ആണെന്നു നമുക്ക് ബോധ്യമാകും. കാരണം, 34 -ാം വാക്യം ഉൾപ്പെടെ 1 കൊരിന്ത്യർ 14-ാംഅദ്ധ്യായത്തിൽ 24 പ്രാവശ്യം LALEO എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. അതെല്ലാം സംസാരിക്കുക എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളതും പരിഭാഷപ്പെടുത്തിയിട്ടുള്ളതും. ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കാം.

‘അന്യഭാഷയിൽ സംസാരിക്കുന്നവൻ.....ദൈവത്തോടത്രെ സംസാരിക്കുന്നു.... ആത്മാവിൽ മർമങ്ങളെ സംസാരിക്കുന്നു (14:2) ;പ്രവചിക്കുന്നവനോ...... മനുഷ്യരോട് സംസാരിക്കുന്നു (14:3); അന്യഭാഷയിൽ സംസാരിക്കുന്നവൻ ............(14:4) നിങ്ങൾ എല്ലാവരും അന്യഭാഷകളിൽ

സംസാരിക്കണം .......അന്യഭാഷകളിൽ .സംസാരിക്കുന്നവൻ .........(14:5); സഹോദരന്മാരേ....നിങ്ങളോട് സംസാരിക്കാതെ അന്യഭാഷകളിൽ സംസാരിച്ചുകൊണ്ട്.....(14:6); നാവുകൊണ്ട് തെളിവായ വാക്ക് ഉച്ചരിക്കാതിരുന്നാൽ സംസാരിക്കുന്നത് എന്ത് എന്ന് എങ്ങനെ അറിയും ? നിങ്ങൾ കാറ്റിനോട് സംസാരിക്കുന്നവർ.......(14:9); ഞാൻ ഭാഷ അറിയാതിരുന്നാൽ സംസാരിക്കുന്നവന് ഞാൻ ബർബരൻ ആയിരിക്കും; സംസാരിക്കുന്നവൻ എനിക്കും ബർബരൻ ആയിരിക്കും.(14:11)

1 കൊരിന്ത്യർ 14-ാം അദ്ധ്യായത്തിൽ മാത്രമല്ല, പുതിയനിയമത്തിൽ ഉടനീളം സർവ സാധാരണയായി ഉപയോഗിച്ചിരിക്കുന്ന 'ലാലിയോ' (LALEO),എന്ന പദം ഒരു പ്രാവശ്യം പോലും 'ചിലയ്ക്കുക' എന്ന അർത്ഥത്തിലോ 'ശബ്ദായമാനം' എന്ന അർത്ഥത്തിലോ, 'പ്രൗഢികാണിക്കുക' എന്ന അർത്ഥത്തിലോ 'ഉച്ചത്തിലുള്ള പ്രസംഗം' എന്ന അർത്ഥത്തിലോ ഉപയോഗിച്ചിട്ടില്ല. എബ്രായ ലേഖന കർത്താവിന്റെ വാക്കുകൾ ശ്രദ്ധിക്കുക..........

ദൈവം പണ്ട് ഭാഗം ഭാഗമായും, വിവിധമായും, പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളിചെയ്തിട്ട് (LALEO) ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരം നമ്മോട് അരുളി ചെയ്തിരിക്കുന്നു.(LALEO)........... (എബ്രാ.1:1,2)

എബ്രായലേഖന കർത്താവ് (LALEO) .എന്ന പദം ഉപയോഗിച്ചിരിക്കുന്നത് ഏത് ആശയത്തിലാണ് എന്ന് വിശദീകരണം കൂടാതെ വ്യക്തമാണ്. അങ്ങനെ എങ്കിൽ 'സംസാരിക്കുവാൻ അവർക്ക് അനുവാദമില്ല' എന്ന് സ്ത്രീ ജനത്തെക്കുറിച്ചു പറയുന്ന ഭാഗത്തു മാത്രം LALEO എന്ന പദത്തെ 'ചിലക്കുക' എന്നോ 'ശബ്ദായമാനം' എന്നോ 'അന്തസും ബഹുമാനവും ഇല്ലാതെ വിളിച്ചു പറയുക' എന്നൊക്കെ പരിഭാഷപ്പെടുത്തുകയും, അപ്രകാരമുള്ള വ്യാഖ്യാനങ്ങളുടെ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് ശുശ്രൂഷകളിലെ സ്ത്രീ പുരുഷ സമത്വത്തിനു വേണ്ടി വാദിക്കുകയും ചെയ്യുന്നതിന്റെ പിന്നിൽ, ദൈവ സഭയിൽ ഭിന്നതയും ഇടർച്ചയും ഉണ്ടാക്കുവാൻ സാത്താന്റെ കയ്യിൽ നിന്നു അച്ചാരം വാങ്ങിയിരിക്കുന്നവരുടെ 'കുബുദ്ധി' യല്ലാതെ മറ്റെന്താണ് ? അനുവാചകർ തീരുമാനിക്കുക.

സഹോദരൻ വി.എം.ജോൺ ചേത്തയ്ക്കലിന്റെ 'വ്യാഖ്യാന വൈകൃതങ്ങൾ' ഇവിടം കൊണ്ടും അവസാനിക്കുന്നില്ല. LALEO എന്ന പദത്തെ 'അന്തസും ബഹുമാനവുമില്ലാതെ സംസാരിക്കുക' എന്നു പരിഭാഷപ്പെടുത്തിയ അദ്ദേഹം ദൈവപൈതൽ എന്ന 'അന്തസും' ദൈവവചനത്തോടുള്ള 'ബഹുമാനവും' വിട്ടുകളഞ്ഞ് സ്ത്രീകൾക്കു സഭായോഗങ്ങളിൽ പ്രസംഗിക്കുകയും ഉപദേശിക്കുകയും ചെയ്യാമെന്നുള്ളതിനും തെളിവുകൾ നിരത്തുന്നു. സഭായോഗങ്ങളിൽ സ്ത്രീകൾക്കു പ്രസംഗിക്കാം എന്ന ദുരുപദേശത്തെ സാധൂകരിക്കുവാൻ താൻ നിരത്തുന്ന ന്യായങ്ങൾ ശ്രദ്ധിക്കുക.................

**പുനരുത്ഥാനത്തെക്കുറിച്ചുള്ള ആദ്യത്തെ പ്രസംഗം ശിഷ്യന്മാരോട് തന്നെ ഒരു സ്ത്രീയാണ് ചെയ്തത്. അപ്രകാരം ചെയ്യുവാൻ യേശു അവളോട് പറഞ്ഞിരുന്നു (യോഹ.20:17,18). ഇന്നു സ്ത്രീകൾ സംസാരിക്കേണ്ട എന്നു പറയുന്നുണ്ടെങ്കിലും യേശു ഒരു സ്ത്രീയെയാണ് ''നീ എന്റെ**

**സഹോദരന്മാരുടെ അടുക്കൽ ചെന്ന് ഞാൻ കയറിപ്പോകുന്നു എന്നു പറക" എന്ന സന്ദേശവുമായി അയച്ചത്. (ജീവവചനം 2012 ഏപ്രിൽ 14)**

പരമാർത്ഥികളായ ദൈവജനത്തെ വഞ്ചിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു വ്യാഖ്യാനം മാത്രമാണിത്. 'പുനരുത്ഥാനത്തെക്കുറിച്ച് ശിഷ്യന്മാരോട് <u>പ്രസംഗിക്കുവാൻ</u> കർത്താവ് ഒരു സ്ത്രീയോട് ആവശ്യപ്പെട്ടു' എന്ന പ്രസ്താവന തികച്ചും വ്യാജവും വസ്തുതകൾക്കു നിരക്കാത്തതുമാണ്. പ്രസ്തുത വേദഭാഗം ശ്രദ്ധിക്കുക, 'യേശു അവളോട്: എന്നെ തൊടരുത്; ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല; എങ്കിലും നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്ന് ; എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു എന്നു <u>അവരോട് പറയുക</u> എന്നു പറഞ്ഞു. മഗ്ദലക്കാരി മറിയ വന്ന് താൻ കർത്താവിനെ കണ്ടു എന്നും അവൻ ഇങ്ങനെ തന്നോടു പറഞ്ഞു എന്നും ശിഷ്യന്മാരോട് അറിയിച്ചു' (യോഹന്നാൻ 20:17,18). പുനരുത്ഥാനത്തെക്കുറിച്ചു <u>പ്രസംഗിക്കുവാൻ</u> കർത്താവു മഗ്ദലക്കാരി മറിയയെ അയയ്ക്കുകയായിരുന്നുവോ? സഭായോഗങ്ങളിൽ സ്ത്രീകൾക്കു പ്രസംഗിക്കാം –എന്ന ദുരുപദേശത്തെ ഈ വേദഭാഗം ഏതെങ്കിലും നിലയിൽ സാധൂകരിക്കുന്നുണ്ടോ? ഈ ചോദ്യങ്ങൾക്ക് എല്ലാം സുബോധമുള്ള ആരും 'ഉവ്വ് ' എന്നു മറുപടി പറയുകയില്ല. നാം ആയിരിക്കുന്ന ഈ കാലഘട്ടത്തിലും ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ഒരു സ്ത്രീയ്ക്കു അവന്റെ മരണത്തെക്കുറിച്ചും പുനരുത്ഥാനത്തെക്കുറിച്ചും ആരോടും പറയുവാനുള്ള സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഈ സ്വാതന്ത്ര്യത്തെ 'വിലക്കപ്പെട്ട കനി' ഭക്ഷിക്കുവാനുള്ള അവസരമായി കാണുന്നത് ദൈവസന്നിധിയിൽ കുറ്റകരമാണ്. സ്ത്രീകൾക്കു സഭായോഗങ്ങളിൽ ഉപദേശിക്കാം എന്നതിന് വി.എം.ജോൺ ചേത്തയ്ക്കൽ നിരത്തുന്ന ന്യായങ്ങൾ:–

**1 തിമൊഥെയോസ് 2 : 11,12 വാക്യങ്ങളിൽ സ്ത്രീകൾ ഉപദേശിക്കുന്നതിൽ നിന്ന് ഒഴിഞ്ഞിരിക്കണമെന്ന് പൗലോസ് പറഞ്ഞിരിക്കുന്നു. <u>സ്ത്രീകൾ തത്വങ്ങൾ സ്ഥാപിച്ചു കൂടാ.</u> <u>അപ്പോസ്തലിക കൗൺസിലുകൾക്കു മാത്രമേ അക്കാര്യം ചെയ്യുവാൻ പാടുണ്ടായിരുന്നുള്ളു</u> (അ.പ്രവൃ.15)....... <u>അപ്പോസ്തലന്മാർ പഠിപ്പിച്ചതിനു വിപരീതമായി ഉപദേശിപ്പാനോ</u> പുരുഷന്റെ മേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല. (1 തിമൊഥെയോസ് 2 : 11,12) എന്ന് ആജ്ഞാപിച്ചുമാണ് പൗലോസ് ഈ വിഷയം കൈകാര്യം ചെയ്യുന്നത്. (ജീവവചനം 2012 ഏപ്രിൽ 24).**

ഇത്ര വികൃതമായ നിലയിൽ ദൈവവചനം കൈകാര്യം ചെയ്യുന്ന ഒരു വ്യക്തി ഇപ്പോഴും 'ബ്രദറൺ' പ്രാദേശിക സഭാബന്ധത്തിൽതുടരുന്നു എന്നത് തികച്ചും ആശ്ചര്യജനകമായ ഒരു സംഗതിയാണ്. 'ഉപദേശ സംരക്ഷകർ' എന്നു സ്വയം വിശേഷിപ്പിക്കുകയും രഹസ്യമായി വിപരീത ഉപദേശക്കാരുമായി കൂട്ടുകൂടുകയും വേദികൾ പങ്കിടുകയും ചെയ്യുന്ന 'സംഘടനാ വക്താക്കൾ' നമുക്ക് ഇന്നുണ്ട്. വർഗീയവാദികളെപ്പോലെ 'ബ്രദറൺ വികാരം'ഇളക്കി ബ്രദറൺ സമൂഹത്തിന്റെ കണ്ണിലുണ്ണികളായി മാറുവാൻ തക്കം പാർത്തിരിക്കുന്ന 'മാധ്യമപ്രവർത്തകർ' നമുക്കിന്നുണ്ട്. 'സ്വസ്ഥതയ്ക്കു ഭംഗം വരും' എന്ന കാരണത്താൽ മാത്രം സത്യം സത്യമാ

യി പറയുവാൻ വിമുഖത കാണിക്കുന്ന ദ്രവ്യാഗ്രഹികളും സ്റ്റേജുമോഹികളുമായ പ്രസംഗകർ നമുക്കിന്നുണ്ട്. സ്വന്തം മേൽവിലാസം പരക്കെ അറിയപ്പെടാനും അംഗീകരിക്കപ്പെടുവാനുമായി മാത്രം 'പേന ഉന്തുന്ന' എഴുത്തുകാരും നമുക്കിന്ന് ധാരാളമായുണ്ട്. ഇല്ലാത്തത്...'രാജാവ് നഗ്നനാണ്' എന്നു ഉറക്കെ വിളിച്ചു പറഞ്ഞ ബാലകന്റെ മനോവ്യാപാരമുള്ള 'പ്രവാചകന്മാർ' മാത്രം. 'ആ മനുഷ്യൻ നീ തന്നെ' എന്നു വിരൽ ചൂണ്ടിപ്പറയുവാൻ മാനുഷഭയം ലവലേശമില്ലാത്ത ഭൗമിക നേട്ടങ്ങൾ ഗണ്യമാക്കാത്ത 'നാഥാന്റെ ആത്മാവുള്ളവർ' ഇനിയും എഴുന്നേൽക്കേണ്ടിയിരിക്കുന്നു.




Layout & cover: **ajayan, eunice designers** / +91 9895 130 564

Type setting: **Kunjumon Daniel**

## 1 കൊരിന്ത്യർ 11 : 3 - 16

3. എന്നാൽ ഏതു പുരുഷന്റെയും തല ക്രിസ്തു. സ്ത്രീയുടെ
തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ
അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു.
4. മൂടുപടം ഇട്ടു പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏതു
പുരുഷനും തന്റെ തലയെ അപമാനിക്കുന്നു.
5. മൂടുപടമില്ലാതെ പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏതു
സ്ത്രീയും തന്റെ തലയെ അപമാനിക്കുന്നു; അതു അവൾ ക്ഷൗരം
ചെയ്യിച്ചതുപോലെയല്ലോ.
6. സ്ത്രീ മൂടുപടമിടുന്നില്ലെങ്കിൽ മുടി കത്രിച്ചു കളയട്ടെ. കത്രിക്കു
ന്നതോ ക്ഷൗരം ചെയ്യിക്കുന്നതോ സ്ത്രീക്കു ലജ്ജയെങ്കിൽ മൂടുപടം
ഇട്ടുകൊള്ളട്ടെ.
7. പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാൽ മൂടു
പടം ഇടേണ്ടതല്ല. സ്ത്രീയോ പുരുഷന്റെ തേജസ്സാകുന്നു.
8. പുരുഷൻ സ്ത്രീയിൽ നിന്നല്ലല്ലോ സ്ത്രീ പുരുഷനിൽ നിന്നത്രെ
ഉണ്ടായത്.
9. പുരുഷൻ സ്ത്രീക്കായിട്ടല്ല സ്ത്രീ പുരുഷനായിട്ടല്ലോ സൃഷ്ടിക്കപ്പെ
ട്ടത്.
10. ആകയാൽ സ്ത്രീക്കു ദൂതന്മാർ നിമിത്തം തലമേൽ അധീനതാ
ലക്ഷ്യം ഉണ്ടായിരിക്കണം.
11. എന്നാൽ കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയുമില്ല
സ്ത്രീയെ കൂടാതെ പുരുഷനുമില്ല.
12. സ്ത്രീ പരുഷനിൽ നിന്നു ഉണ്ടായതുപോലെ പുരുഷനും സ്ത്രീ
മുഖാന്തരം ഉളവാകുന്നു; എന്നാൽ സകലത്തിനും ദൈവം കാരണഭൂ
തൻ
13. നിങ്ങൾ തന്നെ വിധിപ്പിൻ; സ്ത്രീ മൂടുപടം ഇടാതെ ദൈവത്തോടു
പ്രാർത്ഥിക്കുന്നതു യോഗ്യമോ?
14. പുരുഷൻ മുടി നീട്ടിയാൽ അതു അവനു അപമാനം എന്നും
15. സ്ത്രീ മുടി നീട്ടിയാലോ അതു മൂടുപടത്തിനു പകരം നൽകിയിരി
ക്കകൊണ്ടു അവൾക്കു മാനം ആകുന്നു എന്നും പ്രകൃതി തന്നേ
നിങ്ങളെ പഠിപ്പിക്കുന്നില്ലയോ?
16. ഒരുത്തൻ തർക്കിപ്പാൻ ഭാവിച്ചാൽ അങ്ങനെയുള്ള മര്യാദ
ഞങ്ങൾക്കില്ല ദൈവസഭകൾക്കുമില്ല എന്നു ഓർക്കട്ടെ.

For private circulation